# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂത്താട്ടുകുളം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ:** doekm.ksad@kerala.gov.in

**ഫോൺ :** 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.2)135/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/03/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൂത്താട്ടുകുളം മുനിസിപ്പാലിറ്റി

സർ,

**വിഷയം : കൂത്താട്ടുകുളം മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരി പത്രസഹിതം)
സെക്രട്ടറി,തദ്ദേശ സ്വയഭരണവകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ,നഗരകാര്യവകുപ്പ്,തിരുവനന്തപുരം
റീജിയണൽ ജോയിന്റ് ഡയറക്ടർ നഗരകാര്യവകുപ്പ്,എറണകുളം
കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.2)135/2024 തീയ്യതി: 20/03/2024

## എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാംകുട്ടി.റ്റി.എൽ | ജോയിന്റ് ഡയറക്ടർ | 22-01-2024 | 05-02-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2024 | 05-02-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പോളി,ടി.ഒ (ഓഡിറ്റ് ഓഫീസർ ,ഹ ഗ്രേ)

ശ്രീ.ജോസഫ് ജോർജ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

ശ്രീ.വിജു.എം.എസ് (സിനീയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി.സ്വപ്ന.വി.(ഓഡിറ്റർ )

ശ്രീ.നബീൽ മുഹമ്മദ് അബ്ബാസ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വിജയ ശിവൻ | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.വൃജ.എൻ.കെ | സെക്രട്ടറി | 01-04-2022 | 31-08-2022 |
| ശ്രീമതി.ഷീബ.എസ് | സെക്രട്ടറി | 01-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ദീപ്തി.കെ.എച്ച് | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.അജിത്ത്.സി | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 04-09-2022 |
| ഡോ.സിന്ധു ബാലൻ | സീനിയർ വെറ്ററിനറി സർജൻ | 05-09-2022 | 31-03-2023 |
| ശ്രീമതി.എലിസബത്ത് പോൾ | ഹെഡ് മിസ്ട്രസ് ,ഗവ.എൽ.പി.എസ്,ഇടയാർ(ഇൻചാർജ്) | 01-04-2022 | 30-06-2022 |
| ശ്രീ.എ.വി മനോജ് | ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.എസ്,ഇടയാർ(ഇൻചാർജ്) | 01-07-2022 | 31-03-2023 |
| ശ്രീമതി.സജിത.ഡി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽ കുമാർ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2022 | 07-05-2022 |
| ശ്രീ.സിനിൽ.എസ്.കെ | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 08-05-2022 | 21-06-2022 |
| ശ്രീ.പുഷ്പകുമാർ.കെ | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 22-06-2022 | 30-11-2022 |
| ശ്രീ.വർഗീസ്.കെ.പി | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 01-12-2022 | 31-03-2023 |
| ശ്രീഷെമി.എഎച്ച് | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.എൽദോസ്.പി.സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ശ്രീലത.പി.കെ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.സിജി വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 29-11-2022 |
| ശ്രീ.ജയദേവൻ.എം.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 30-11-2022 | 31-03-2023 |
| ശ്രീ ഗ്രേഷ്യസ്.എം.ജോൺ | അസി.എഞ്ചിനീയർ | 01-04-2022 | 28-09-2022 |
| ശ്രീ അനീഷ് സത്യൻ | അസി.എഞ്ചിനീയർ | 29-09-2022 | 13-10-2022 |
| ശ്രീമതി അഞ്ചു.എസ് | അസി.എഞ്ചിനീയർ | 14-10-2022 | 19-02-2023 |
| ശ്രീ.രതീഷ് രവീന്ദ്രൻ | അസി.എഞ്ചിനീയർ | 20-02-2023 | 31-03-2023 |
| ശ്രീമതി. ജീന റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 12-01-2023 |
| ശ്രീമതി.ട്രീസ രമ്യ ഫ്രാൻസീസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ഡോ.മിനി ആന്റണി | മെഡിക്കൽ ഓഫീസർ,.സി.എച്ച്.സി | 01-04-2022 | 31-03-2023 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാങ്ക് അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല | 1-1-1 |
| 3 | അഡ്വാൻസ് , ഡെപ്പോസിറ്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. | 1-1-2 |
| 4 | ഇ-ടെണ്ടർ ഫീസായി ലഭിച്ച തുക നഗരസഭ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ഗ്രാന്റുകളുടെ വിവരം പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപെൻഷൻ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | തനത് വരുമാനം-പൊതു അവലോകനം | 1-11 |
| 17 | അനധികൃത കെട്ടിട നിർമ്മാണം- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-12 |
| 18 | IFTE&OS ലൈസൻസ് ഫീസ് – അപാകതകൾ | 1-13 |
| 19 | ലൈസൻസ് ഫീസ് – വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-13-1 |
| 20 | ലൈസൻസ് ഇല്ലാതെ നഗരസഭ വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-13-2 |
| 21 | IFTE&OS ലൈസൻസ് ഇല്ലാതെ നഗരസഭ പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-13-3 |
| 22 | ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചു | 1-13-4 |
| 23 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-14 |
| 24 | വാടക വരവ് - അപാകതകൾ | 1-15 |
| 25 | വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-16 |
| 26 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-17 |
| 27 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. | 1-18 |
| 28 | ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽക്കൂട്ടിയില്ല | 1-19 |
| 29 | പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നില്ല | 1-20 |
| 30 | വെള്ളക്കരകുടിശ്ശിക നഗരസഭ അടവാക്കിയിട്ടും വാട്ടർ അതോറിറ്റി ബില്ലിൽ കുറവ് ചെയ്യുന്നില്ല | 1-21 |
| 31 | മുട്ടക്കോഴി വിതരണം , പ്ലാൻ ഫണ്ടിൽ നിന്ന് അധിക തുക അനുവദിച്ചു | 1-22 |
| 32 | വാഹനവാടക അധിക തുക നല്കി. | 1-23 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി- അധിക തുക ചെലവഴിച്ചു | 1-24 |
| 34 | കോക്ലീയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് ധനസഹായ പദ്ധതി - വിനിയോഗ രേഖകളില്ല. | 1-25 |
| 35 | ബയോബിന്നുകൾ വാങ്ങൽ - പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ | 1-26 |
| 36 | ഹരിതമിത്രം- സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം–ക്യൂ.ആർ കോഡ് സ്ഥാപിക്കൽ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-27 |
| 37 | നാപ്കിൻ വെൻഡിംഗ് മെഷീൻ– ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി. | 1-28 |
| 38 | ലൈഫ് ഭവനസമുച്ചയം - ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-29 |

| | | |
|---|---|---|
| 39 | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി -അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-30 |
| 40 | നിക്ഷേപ പ്രവൃത്തികൾ– മുൻകൂർ ക്രമീകരിച്ചിട്ടില്ല. | 1-31 |
| 41 | സാമൂഹ്യസുരക്ഷാ പെൻഷൻ -ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു | 1-32 |
| 42 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമല്ല. | 1-33 |
| 43 | നഗരസഭയിലെ വിവിധ വാർഡുകളി മിനി എംസിഎഫ് സ്ഥാപിക്കൽ – പ്രവർത്തി ചെയ്ത സ്ഥലം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-34 |
| 44 | കുടിവെള്ള പദ്ധതി അപാകതകൾ | 1-35 |
| 45 | എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് അപാകതകൾ | 1-36 |
| 46 | വിവിധ കുടിവെള്ള പദ്ധതികൾ– നിരക്ക് അധികം നൽകിയത്. | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വാഹനവാടക അധിക തുക നല്കി. | 3-1 |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി- അധിക തുക ചെലവഴിച്ചു | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ട്രേഡ്സ് ലിസ്റ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.**കൂത്താട്ടുകുളം** മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.07.2023 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 13.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കൂത്താട്ടുകുളം** മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:20/03/2024

**ജോയിന്റ് ഡയറക്ടർ**

### 1-1-1 ബാങ്ക് അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല

നഗരസഭയുടെ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പരിശോധിച്ചതിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തനതു ഫണ്ട് ഓൺലൈൻ അക്കൗണ്ടിന്റെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ള തുകയും ബാങ്ക് ബുക്കിലെ തുകയും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ അക്കൗണ്ടിലെ തുകകളുടെ ആധികാരികത പരിശോധിക്കാനാകാത്ത സ്ഥിതിയുണ്ട്.

### 1-1-2 അഡ്വാൻസ് , ഡെപ്പോസിറ്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

നഗരസഭയുടെ ഡെപ്പോസിറ്റുകളുടേയും അഡ്വാൻസുകളുടേയും കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭ വിവിധ വർഷങ്ങളായി വിവിധ വർക്കുകൾക്ക് ഡെപ്പോസിറ്റ് നൽകിയ തുക എത്രയാണെന്നും ഇതിൽ എത്ര രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നോ പൂർത്തീകരിക്കുവാൻ ബാക്കിയുള്ളത് എത്രയോയെന്നുള്ള വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. അതുപോലെ വിവിധ പ്രവൃത്തികൾക്കും പരിപാടികൾക്കുമായി ഓരോ വർഷവും അഡ്വാൻസ് നൽകിയിട്ടുള്ള തുക എത്ര, ഇതിൽ തീർപ്പാക്കാൻ

ബാക്കിയുള്ളത് എത്ര എന്നീ കണക്കുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-3 ഇ-ടെണ്ടർ ഫീസായി ലഭിച്ച തുക നഗരസഭ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

നഗരസഭയുടെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. നഗരസഭ അക്കൗണ്ടിലേക്ക് കൈമാറേണ്ട ഈ തുക ലഭിക്കുവാനുള്ളതായി നഗരസഭയുടെ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-4 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ), 58(എഫ്) എന്നിവ പ്രകാരമുള്ള കുറിപ്പുകളും അടിസ്ഥാന അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-5 ഗ്രാന്റുകളുടെ വിവരം പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല.

2021-22 വാർഷിക ധനകാര്യപത്രികയിൽ നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടുള്ള NULM, ആശ്രയ ഗ്രാന്റ് തുകകൾ ഈ വർഷത്തെ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ധനകാര്യകമ്മീഷൻ ഗ്രാന്റ് വാർഷിക കണക്ക്, ബാങ്ക് പാസ് ബുക്ക് എന്നിവയിലെ നീക്കിയിരുപ്പിൽ നേരിയ വ്യത്യാസമുണ്ട്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 15.03.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. നഗരസഭയുടെ പുതുക്കിയ ബജറ്റ് 24.03.2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---|
| പ്രാരംഭ ബാക്കി | ₹40906279 |
| വരവ് | ₹198147656 |
| ആകെ | ₹239053935 |
| ചെലവ് | ₹202846468 |
| നീക്കിയിരിപ്പ് | ₹36207467 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹33047774 |
| വരവ് | ₹125148901 |
| ആകെ | ₹158196675 |
| ചെലവ് | ₹105330489 |
| നീക്കിയിരിപ്പ് | ₹52866186 |

തൻവർഷത്തെ ആകെ വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹2,22,78,960/- | ₹2,22,78,960/- | ₹1,81,89,643/- | ₹40,89,317/- | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹46,68,000 | ₹46,68,000 | ₹42,11,665 | ₹4,56,335 | - |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | - | 0 | 0 | 0 | 0 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | ₹59,02,300/- | ₹59,02,300/- | ₹35,49,873/- | ₹23,52,427/- | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | ₹44,64,000 | ₹44,64,000 | ₹44,37,493 | ₹26,507 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) ട്രഷറി | - | ₹36,287/- | ₹36,287/- | ₹20,646/- | ₹15,641/- | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) ബാങ്ക് | ₹1,84,610/- | ₹29,32,020/- | ₹31,16,630/- | ₹32,76,137/- | | -₹159507/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ട്രഷറി | - | ₹17,53,331/- | ₹17,53,331/- | ₹10,46,463/- | ₹7,06,868/- | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ബാങ്ക് | ₹28,44,714/- | ₹42,47,500/- | ₹70,92,214/- | ₹59,62,334/- | | ₹11,29,880/- |
| ശുചിത്വ മിഷൻ ഫണ്ട് 320802000 | ₹6,63,823 | ₹2,71,879 | ₹935702/- | ₹1,87,099/- | - | ₹7,48,603 |
| ഹെൽത്ത് ഗ്രാന്റ് 320200299 | ₹0 | ₹83,20,496 | ₹83,20,496 | ₹0 | | ₹83,20,496 |
| പി.എം.എ.വൈ. 320100100 | ₹27,68,229 | ₹51,36,748 | ₹79,04,977/- | ₹45,55,837 | - | ₹33,49,140 |
| ഐ.സി.ഡി.എസ്. 320200209 | ₹2,23,825/- | ₹7,20,924 | ₹9,44,749/- | ₹5,77,611 | | ₹3,67,138 |

*കുറിപ്പ്:* വികസന ഫണ്ട് ജനറൽ, എസ്.സി.പി എന്നിവയിൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച തുക ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 80342239 | 129 | 44138029 | 30 | 20 | 72% |

## 1-6 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|---|
| ഭരണചെലവ് | 51228 | 12109783 | 12161011 | 10616188 | 100122 |
| ഗുണഭോക്താക്കൾക്ക് നല്കിയത് | 0 | 0 | 0 | 1444701 | |

| | | | | | |
|---|---|---|---|---|---|
| ആകെ | 51228 | 12109783 | 12161011 | 12060889 | 100122 |

## 1-7 ക്ഷേമപെൻഷൻ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1734400 | 134 |
| വിധവാപെൻഷൻ | 7829000 | 677 |
| വാർദ്ധക്യകാലപെൻഷൻ | 19338600 | 1710 |
| വികലാംഗപെൻഷൻ | 1943600 | 161 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 434600 | 37 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2024 തീയതിയിൽ ഉച്ചയ്ക്ക് 3.15 സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹14,609/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. പ്രത്യേകിച്ചും വസ്തു നികുതി സംബന്ധിച്ച ആകെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം നഗരസഭയിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

5)അഡ്വാൻസ് രജിസ്റ്ററിൽ എല്ലാ എൻട്രികളും എഴുതി ചേർത്തിട്ടില്ല.

6)വർക്കിംങ് ഗ്രൂപ്പുകളിൽ തീരുമാനമെടുത്ത അത്യന്താപേക്ഷിതമായ പ്രോജക്ടുകൾ പോലും നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. ഉദാ.കൃഷി സംബന്ധിച്ചിട്ടുള്ള പ്രോജക്ടുകൾ.പ്രത്യേകമായി ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.09.2015(നഗരസഭയായതിനു ശേഷം ഓഡിറ്റ് നടത്തിയിട്ടില്ല | 07/2015 08/2015 | 03.10.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.06.2017 | 2012-13മുതൽ 2016-17വരെ | 25.08.2017 |

## 1-11 തനത് വരുമാനം-പൊതു അവലോകനം

ആറാമത് സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശ പ്രകാരം കൂത്താട്ടുകുളം നഗരസഭയുടെ തനത് വരുമാന അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, ലൈസൻസ്, വാടക, വസ്തുനികുതി, വിനോദ നികുതി, ലേലം എന്നിവയിലെ ഡിമാൻഡ്/കളക്ഷൻ എന്നിവ പരിശോധിച്ച് നികുതി /നികുതിയേതര വരവുകളുടെ വർദ്ധനവിനുതകുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും നഗരസഭ ഭരണസമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1)തൊഴിൽ നികുതി

വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് നഗരസഭ തയ്യാറാക്കി സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി വരുമാന വരുമാന ചോർച്ച ഇല്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് .

### 2)റെഗുലറൈസേഷൻ ഫീസ്

നഗരസഭയിൽ അനധികൃതനിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ബിൽഡിംഗ് റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ചോർച്ച തടയാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട പരാമർശം ഖണ്ഡിക നം.1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

### 3)വസ്തു നികുതി

ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

നഗരസഭയിലെ കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട യു. എ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 19/144/A UA ,7/43A UA/,15/173 AUA എന്നീ കെട്ടിടങ്ങൾ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണ് . എന്നാൽ സഞ്ചയപ്രകാരം ടി കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 4)IFTE&OS ലൈസൻസ്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, 2011 ലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ (447 മുതൽ 492 വരെ) എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും നഗരസഭയിലെ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. എന്നാൽ നഗരസഭയിൽ ലൈസൻസ് പിരിവ് സംബന്ധിച്ച് അപാകങ്ങൾ ഉള്ളതായി രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. (വിശദ വിവരം ഖണ്ഡിക 1-13 ൽ വിവരിക്കുന്നു.) അപകതകൾ പരിഹരിച്ച് വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് പിരിവ് കാര്യക്ഷമമാക്കുന്നതിലൂടെ തനത് വരവിനത്തിൽ വളരെ വലിയതോതിലുള്ള മാറ്റം ഉണ്ടാകുന്നതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 5)ടൂറിസം മേഖലയിലെ വരുമാനം

നഗരസഭയുടെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാനാകുമോയെന്ന് പരിശോധിക്കേണ്ടതാണ്.

നഗരസഭയുടെ ദൈനംദിന ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഇവ നടത്തുന്നതിനു പ്രധാനമായും ആശ്രയിക്കുന്നത് തനത് വരുമാനത്തെയാണ്. വസ്തു നികുതി വരുമാനം ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചും ഫീൽഡ് പരിശോധന നടത്തിയും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, മറ്റ് വരുമാനങ്ങൾ ഇവയിൽ നിന്നു നഗരസഭയ്ക്ക് ലഭിക്കുന്ന വരുമാനം കുറവായതിനാൽ മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനും കൂടുതൽ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കേണ്ടതും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതും

വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ തസ്വഭവ തീയതി 19/04/2022 യിലെ ഖണ്ഡികഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ തസ്വഭവ തീയതി 19/04/2022 യിലെ ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 അനധികൃത കെട്ടിട നിർമ്മാണം- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

1) നഗരസഭയിലെ വിവരാവകാശ ഫയൽ പരിശോധിച്ചതിൽ നിന്നും ഫയൽ നം. R2-10946/23, തീയതി 15.12.2023 പ്രകാരമുള്ള അപേക്ഷയിൽ അരുൺ. എസ്. കുമാർ, ചാത്തനാട്ട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 8/172, 8/173ാം നമ്പർ കെട്ടിടത്തിന്റെ ഒന്നാം നിലയിലും രണ്ടാം നിലയിലും നിർമ്മാണം പൂർത്തീകരിച്ച് മുനിസിപ്പാലിറ്റിയിൽ നിന്നും മുറികൾക്ക് നമ്പർ നൽകിയിട്ടുണ്ടോ എന്നും ആയതിന് നഗരസഭയിൽ നിന്നും പെർമിറ്റ് എടുത്തിട്ടുണ്ടോ എന്ന ചോദ്യത്തിന് നഗരസഭയിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ടി നിർമ്മാണത്തിന് പര്യാപ്തമായ ഫയൽ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും ഒന്നാം നിലയുടേയും രണ്ടാം നിലയുടേയും നിർമ്മാണത്തിന് നഗരസഭയിൽ നിന്നും നമ്പർ നൽകിയിട്ടില്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് എൻജിനീയറിംഗ് സെക്ഷനിലെ ഫയൽ പരിശോധിച്ചതിൽ നിലവിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിൽ കെട്ടിടം അനധികൃതമായി പണിതിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ കെട്ടിടം പൂട്ടിയിട്ടിരിക്കുന്നതിനാൽ അളവ് എടുക്കുവാൻ സാധിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുവാൻ സാധിക്കുന്നതല്ലെങ്കിൽ ആയതിന് 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 242 പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിന് വേണ്ടി 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1, 2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/3.2.2024) ലഭ്യമായ മറുപടിയിൽ അനധികൃതനിർമ്മാണം നടന്നിട്ടുള്ളതായി കണ്ടെത്തിയതിനെത്തുടർന്ന് കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് നഗരസഭയിൽ നിന്നും നോട്ടീസ് നൽകിയിട്ടുള്ളതാണ്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാത്തപക്ഷം KMACT സെക്ഷൻ 406 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

2)കൂത്താട്ടുകുളം നഗരസഭയിലെ സർവേ നം. 582/2 ൽപ്പെട്ട 120 ച.മീ സ്ഥലത്ത് 101.78 ച.മീ വിസ്തൃതിയുള്ള ശ്രീമതി വൽസമ്മ റ്റി.കെ യുടെ ഉടമസ്ഥതയിലുള്ള ഇരുനില വാസഗൃഹത്തിന്റെ അനധികൃത നിർമ്മാണത്തിനെതിരെ എതിർകക്ഷിയായ ശ്രീ മനോജ് മാത്യു ജോയിക്കുട്ടി ബഹു .ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ( Wp(c) No.4715/22 തീയതി 16.2.2022). ആയതിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവിനെതിരെ ശ്രീമതി വൽസമ്മ. ടി.കെ ബഹു . ഹൈക്കോടതിയിൽ Wp(c) No.22619 / *22 തീയതി 12.8.2022 ാം നമ്പറായി കേസ് ഫയൽ ചെയ്തിട്ടുണ്ട്.* ടി കേസിന്റെ വിധിന്യായം നടപ്പിലാക്കി *G.O(Rt) No.2895/* LSGD തീയതി 22.11.2022 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൽ ശ്രീമതി വൽസമ്മ റ്റി.കെ യുടെ വാസഗൃഹത്തിൽ അനധികൃതമായ കൂട്ടിച്ചേർക്കലുകളായ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019 ചട്ടം 26 ന് വിരുദ്ധമായി ഷീറ്റ് റൂഫിംഗ് , ഏകദേശം 2.50 മീറ്റർ ഉയർത്തി നിർമ്മിച്ച ടെറസ് റൂഫിംഗ് എന്നിവ നീക്കം ചെയ്യുന്നതിനാവശ്യമായ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് കൂത്താട്ടുകുളം നഗരസഭ സെക്രട്ടറിയോട് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിന്റെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് നൽകിയ ഫോം 1A, ഫോം 18 എന്നിവയിൽ വന്നിട്ടുള്ള വൈരുദ്ധ്യം യഥാവിധി പരിശോധിക്കാത്തതിനാൽ ബന്ധപ്പെട്ട ജീവനക്കാരുടെ വിശദീകരണവും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കേസിന്റെ തുടർ നടപടി വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.38/3.2.2024) ലഭ്യമായ മറുപടിയിൽ മേൽ കെട്ടിടവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടെന്നും കേസിന്റെ വിധി പ്രസ്താവിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 IFTE&OS ലൈസൻസ് ഫീസ് – അപാകതകൾ

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന

ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. ലൈസൻസ് രജിസ്റ്ററും ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ ചേർക്കുന്നു.

**1-13-1 ലൈസൻസ് ഫീസ് – വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ**

എ) 2022-23 വാർഷിക ധനകാര്യപത്രിക ഐ 4 ഷെഡ്യൂൾ പ്രകാരം തൻവർഷ പ്രതീക്ഷിത വരവ് ₹10,52,410/- യാണ്. എന്നാൽ ആർപി 37 പ്രകാരം തൻവർഷ വരവായി ലഭിച്ചിട്ടുള്ളത് ₹1,72,010/- യാണ്. ടി തുകയോട് മുൻവർഷത്തിൽ ലൈസൻസ് അഡ്വാൻസ് ഇനത്തിൽ നിലനിൽക്കുന്ന ആകെ തുക ₹7,56,000 കൂടി ചേർത്താൽ ആകെ ₹ 9,28,010 യാണ് വരുന്നത്. ആയതിനാൽ ₹1,24,400/-(10,52,410 – 9,28,010) കുടിശ്ശിക തുകയായി വരേണ്ടതിന് പകരം ₹1,19,400/- യാണ് ബാലൻസ് ഷീറ്റിലെ ബീ15 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി തുക തമ്മിൽ ₹5000/- (1,24,400-1,19,400) യുടെ വ്യത്യാസം വന്നിട്ടുള്ളതിന്റെ അടിസ്ഥാനം വ്യക്തമല്ല.

ബി) 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ തൻ വർഷ ഡിമാന്റായി ഐ4-ൽ വന്നിട്ടുള്ള തുക ₹10,52,410 യും, തൻവർഷം കളക്ഷനായി ആർ പി 37-ൽ വന്നിട്ടുള്ള തുക ₹1,72,010 യുമാണ്. 2021-22 വാർഷിക ധനകാര്യപത്രികയിലെ ബി9 ഷെഡ്യൂൾ പ്രകാരം ₹7,56,000 യാണ് അഡ്വാൻസ് ലഭിച്ചിട്ടുള്ളത്. കൂടാതെ 2022-23 വാർഷിക ധനകാര്യപത്രികയിലെ ബി9 -ൽ അഡ്വാൻസ് തുകയായിട്ടുള്ളത് ₹8,14,050 യുമാണ്. 2022-23 വാർഷിക ധനകാര്യപത്രികയിലെ ബി15 -ൽ ലൈസൻസ് ഫീസ് ഇനത്തിൽ തൻവർഷം ലഭ്യമാകാനുള്ള ബാലൻസ് തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് ₹1,19,400 യാണ്. വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡിമാന്റ് കളക്ഷൻ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. അനുബന്ധ രജിസ്റ്ററുകളിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ (ഡി.സി.ബി.) രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൻവർഷത്തെ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധ്യമല്ലാതെ തുടരുന്നു.

അപാകങ്ങൾക്ക്((എ), (ബി)) വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 30.01.2024-ൽ നൽകിയ 20-ാം നമ്പർ അന്വേഷണ കുറിപ്പിന് ലഭ്യമായ മറുപടിയിൽ നിലവിൽ മൂലധനം അടിസ്ഥാനമാക്കിയാണ് ലൈസൻസ് ഫീ കണക്കാക്കുന്നതെന്നും ഇത്തരത്തിൽ കണക്കാക്കുമ്പോൾ മുൻവർഷ ഡിമാന്റിനേക്കാൾ കുറവാണ് നിലവിലുള്ള ഡിമാന്റിലുള്ളത് എന്നും മേൽ സൂചിപ്പിച്ച വ്യത്യാസം വന്നിട്ടുള്ള തുക കണക്കിലുണ്ടായ പിശകായിട്ടാണ് മനസ്സിലാകുന്നത് എന്നും ആയത് സംബന്ധിച്ച് വിശദ പരിശോധന നടത്തുന്നതാണെന്നും വിവരിക്കുന്നു. കൂടാതെ രജിസ്റ്ററുകളിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ കൃത്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്നും അറിയിച്ചു.

അപാകതകൾ പരിഹരിച്ച് വിശദ വിവരം ഓഡിറ്റിൽ രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. നഗരസഭാ പരിധിയിൽ ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-13-2 ലൈസൻസ് ഇല്ലാതെ നഗരസഭ വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.**

വാടക രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ വിവിധ കെട്ടിടങ്ങളിലായി 105 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ടി മുറികളിൽ പ്രവർത്തിക്കുന്ന വിപണന സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ലൈസൻസ് വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ 11 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്നും ടി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭ വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന 11 സ്ഥാപനങ്ങളുടെ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| Sl.No | Block | | Name & Address |
|---|---|---|---|
| 01 | B | 4 | Benny George, Pazhayaveettil, Koothattukulam |
| 02 | C | 3 | Benny George, Pazhayaveettil, Koothattukulam |
| 03 | C | 4 | Shynu Benny, Pazhayaveettil, Koothattukulam |
| 04 | D | 3 | Jithin Jose, Kaneeyath, Oliyappuram |
| 05 | D | 4 | Shynu Benny, Pazhayaveettil, Koothattukulam |
| 06 | D | 15 | Benny George, Pazhayaveettil, Koothattukulam |
| 07 | D | 16 | Jamni Sajeev, Poovathinkal, Oliyappuram |
| 08 | D | 17 | Nashid Ali |
| 09 | D | 18 | Nashid Ali |

| | | | |
|---|---|---|---|
| 10 | D | 21 | Siju Chellappan, Parackal, Koothattukulam |
| 11 | D | 23 | Sini Shine, Kakkattupillil, Koothattukulam |

ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനായുള്ള തുടർ നടപടികൾ ഊർജ്ജിതമാക്കേണ്ടതും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്

**1-13-3 IFTE&OS ലൈസൻസ് ഇല്ലാതെ നഗരസഭ പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.**

കേരള മുനിസിപ്പാലിറ്റി ആക്ട് അദ്ധ്യായം XX (ലൈസൻസുകളും ഫീസും-ലൈസൻസ് സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ)ലെ വകുപ്പ് 447 പ്രകാരം മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഒരു സ്ഥലവും ലൈസൻസ് ഇല്ലാതെ വ്യാപാരത്തിനോ, പ്രവർത്തിക്കോ ഉപയോഗിക്കാൻ പാടുള്ളതല്ല. 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. തൊഴിൽ നികുതി അടവാക്കുന്ന വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉദാഹരണമെന്നോണം 1,2,3,6 എന്നി വാർഡുകളിലെ ട്രേഡേഴ്സ് ലിസ്റ്റ് റിപ്പോർട്ടിനൊപ്പം അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്, കാണുക.

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ അനുബന്ധം 3-ൽ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി രജിസ്റ്ററിൽ വ്യക്തമല്ല. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റിൽ വിവരിച്ച സ്ഥാപനങ്ങളിൽ ഏതെല്ലാമാണ് നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ലൈസൻസ് എടുത്തിട്ടുള്ളതിന്റെ വിവരം (അപേക്ഷകൾ, അനുബന്ധ രേഖകൾ) വിശദീകരണസഹിതം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 30.01.2024 നൽകിയ 21-ാം നമ്പർ അന്വേഷണകുറിപ്പിന് ലഭ്യമായ മറുപടിയിൽ 2022-23 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങൾ മാത്രമാണ് നഗരസഭയിൽ ലൈസൻസ് എടുത്തിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ അനുബന്ധത്തിലുള്ള സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് അനുമാനിക്കുന്നു. രജിസ്റ്ററുകൾ , തൊഴിൽ നികുതി അടവാക്കുന്ന വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മറ്റ് വാർഡുകളിലും ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ കൂടുതലായി പ്രവർത്തിക്കുന്നുണ്ടെന്ന് രേഖകളിൽ വ്യക്തമാണ്. ആകെ 25 വാർഡുകളുള്ള കൂത്താട്ടുകുളം നഗരസഭ വാർഡ് അടിസ്ഥാനത്തിൽ പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും (അനുബന്ധം 3-ൽ ചേർത്തിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ വിവരിച്ച സ്ഥാപനങ്ങളുടെത് ഉൾപ്പടെ) വിശദ വിവരങ്ങൾ രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-13-4 ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചു**

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. നഗരസഭയിൽ ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല**

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാന്റ്ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | വീജെ ഫ്രൂട്ട് പ്രോഡക്ട്സ് | 4 | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ബ്രിക്സ് ഇൻഡ്യ സിമന്റ് പ്രോഡക്ട് | 3 | രണ്ടാം അർദ്ധവർഷം |

| | | | |
|---|---|---|---|
| 3 | ഗവ. എൽ.പി സ്കൂൾ, വടകര | 5 | ഒന്നാം അർദ്ധവർഷം |
| 4 | പോളിലാബ് ക്ലിനിക്കൽ ലബോറട്ടറി &ഇ.സി.ജി | 2 | രണ്ടാം അർദ്ധവർഷം |
| 5 | റിച്ച് മാക്സ് ഗ്രൂപ്പ് | 3 | രണ്ടാം അർദ്ധവർഷം |
| 6 | എൻ.എച്ച്.എം സ്റ്റാഫ് | 7 | രണ്ടാം അർദ്ധവർഷം |
| 7 | പടിക്കൻ ലൈഫ് സ്റ്റൈൽ | 5 | ഒന്നും രണ്ടും അർദ്ധവർഷം |
| 8 | വലിയകുളങ്ങര ടവർ | 3 | രണ്ടാം അർദ്ധവർഷം |
| 9 | ഐ.സി.ഐസി.ഐ ബാങ്ക് | 7 | ഒന്നാം അർദ്ധവർഷം |
| 10 | മഡോണ പ്രോഡക്ട്സ് | 3 | ഒന്നാം അർദ്ധവർഷം |
| 11 | സോണിക് ബേക്കറി | 3 | ഒന്നാം അർദ്ധവർഷം |
| 12 | ടെസ്സ ഡ്രെസ് വേൾഡ് | 2 | രണ്ടാം അർദ്ധവർഷം |
| 13 | കൂത്താട്ടുകുളം ടെലികോം സബ് ഡിവിഷൻ | 2 | ഒന്നും രണ്ടും അർദ്ധവർഷം |
| 14 | ഓറഞ്ച് ഹൈപർമാർട്ട് | 5 | ഒന്നാം അർദ്ധവർഷം |
| 15 | കോർഡിയൽ ഗ്രാമീൺ ഡെവലപ്പ്മെന്റ് ഫൗണ്ടേഷൻ, | 3 | ഒന്നാം അർദ്ധവർഷം |
| 16 | കിഴക്കൊമ്പ് KUCS Ltd No.E258(D)APCOS | 3 | രണ്ടാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.34/3.2.2024) ലഭ്യമായ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് തൊഴിൽനികുതി കുടിശ്ശിക അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-15 വാടക വരവ് - അപാകതകൾ

1) കടമുറി വാടക രജിസ്റ്റർ അനുബന്ധ രേഖകൾ പരിശോധിച്ചതിൽ തൻവർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, അരിയർ സംബന്ധിച്ച കണക്ക് വിവരങ്ങൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കടമുറി വാടക ഇനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

2) വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭയിൽ തയ്യാറാക്കിയിട്ടുള്ള ബൈലോ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

3) 2021-22 ലെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ Rent From Other Civic Amenities എന്ന ഇനത്തിൽ ആകെ മുൻവർഷ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത് ₹8,86,838/- (3,51,153+5,35,685) യാണ്. 2022-23 ലെ വാർഷിക ധനകാര്യ പത്രികയിലെ RP 37 പ്രകാരം തൻവർഷം അരിയർ ഇനത്തിൽ ലഭ്യമായ തുക ₹4,20,323/- യുമാണ്. ആയതിൻ പ്രകാരം ആകെ മുൻവർഷ കുടിശ്ശികയായി നിലനിൽക്കേണ്ട തുക ₹4,66,515/- (8,86,838 – 4,20,323) യാണെന്നിരിക്കെ 2022-23 ലെ മുൻവർഷ കുടിശ്ശികയിനത്തിൽ നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള തുക ₹3,69,315/- യാണ്. ടി തുകകൾ തമ്മിൽ ₹97,200/- (4,66,515 – 3,69,315)യുടെ വ്യത്യാസം വന്നിട്ടുള്ളതിൽ അവ്യക്തത നിലനിൽക്കുന്നു.

4) 2022-23 ലെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂളുകളിൽ വാടക ഇനങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത് Rent From Town Hall എന്നും Rent From Other Civic Amenities എന്നിങ്ങനെയുമാണ്. ടി ഹെഡുകളിലായി വരുന്ന വാടക വരവുകൾ ഏതെല്ലാമാണെന്നും അവയുടെ ഡി.സി.ബി. വിവരങ്ങൾ ഇനം തിരിച്ചും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. 2020-21-ൽ Rent From Town Hall , Rent From Buildings , Rent From Lease Of Lands എന്നിങ്ങനെയായിരുന്നു Rental Income From Muncipal Poperties എന്ന ഷെഡ്യൂളുകളിൽ ഇനം തിരിച്ച് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ തുടർന്നുള്ള വാർഷിക ധനകാര്യ പത്രികകളിൽ ആകെ രണ്ട് ഹെഡുകളായി വരവ് വിവരങ്ങൾ ക്രമീകരിച്ചിട്ടുണ്ടെങ്കിലും ടി ഹെഡുകളിൽ ഏതെല്ലാം വരവ് തുകകൾ ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്നും, കളക്ഷൻ വന്നിട്ടുണ്ടെന്നും , അരിയർ / ബലൻസ് ആയി നിലനിൽക്കുന്നുണ്ടെന്നും വേർതിരിച്ചറിയാൻ സാധിക്കുന്നില്ല.

മേൽ അപകതകൾക്ക്((1),(2),(3),(4)) വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 03.02.2024 -ൽ നൽകിയ 33-ാം നമ്പർ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭയിലെ പ്രധാന നികുതിയേതര വരുമാനമാർഗ്ഗങ്ങളിലൊന്നായ വാടക വരവ് സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും വരുമാന ചോർച്ച ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിശദീകരണം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

നഗരസഭയിലെ കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട യു. എ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ സഞ്ചയപ്രകാരം ടി കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം./ഉപയോഗക്രമം /വിസ്തീർണ്ണം | അപേക്ഷകന്റെ പേര് | അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|
| 1 | 19/144/A UA /ഇതരവ്യവസായം/ 4668.86 ച.മീ | എം.ഡി ശ്രീധരീയം ആയുർവേദിക്സ് ഐ ഹോസ്പിറ്റൽ & റിസേർച്ച് സെന്റർ | 303476(@65) | 2022-23 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | 7/43A UA/വിദ്യാഭ്യാസാവശ്യം /10425 ച.മീ | ഫാ. സുപ്പീരിയർ മാനേജർ/മേരിഗിരി ആശ്രമംമേരിഗിരി പബ്ലിക് സ്കൂൾ, കൂത്താട്ടുകുളം | 125100(@12) | 2018-2019 ഒന്നാം അർദ്ധവർഷം മുതൽ |
| 3 | 15/173 AUA/വാണിജ്യാവശ്യം/ 211.88 ച.മീ | കെ.എം. എബ്രഹാം, മേരി അബ്രഹാം & കെ.എ മാർക്കോസ് | 18010(@85) | 2021-2022 ഒന്നാം അർദ്ധവർഷം മുതൽ |

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 242 പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ് . മേൽ കെട്ടിടങ്ങൾക്ക് ചട്ട പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/3.2.2024) ലഭ്യമായ മറുപടിയിൽ പട്ടികയിലെ ക്രമ നം.1 പ്രകാരമുള്ള കെട്ടിടത്തിന് 2022-23 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി കുടിശ്ശികഅടവാക്കുവാൻ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും കെ-സ്മാർട്ട് സോഫ്റ്റ് വെയർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകാത്തതിനാൽ കെട്ടിട ഉടമക്ക് നികുതി അടക്കാൻ സാധിച്ചിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. ക്രമ നം.2 പ്രകാരമുള്ള കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കുന്നതിന് 02.02.2024 ന് കത്തും ഡിമാന്റ് നോട്ടീസും തയ്യാറാക്കിയിട്ടുള്ളതാണെന്നും ആയത് ഉടനെ തന്നെ കൈമാറി നികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം.3 പ്രകാരമുള്ള കെട്ടിടത്തിന് നികുതി അടവാക്കുന്നതിന് ആർ. ആർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | സി.എച്ച് ,സി യിലേക്ക് മരുന്ന് വാങ്ങൽ , 6/23 |
| അടങ്കൽ തുക | ₹1000000/- |
| ആകെ ചെലവ് തുക | ₹1000000/- (₹200000- വികസന ഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം ₹800000 - മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കൂത്താട്ടുകുളം |
| തുക/ബിൽനം/ തീയതി | 1) 99404 /43/19.10.2022<br>2)77272/ 67/24.11.2022<br>3)99791 /68/25.11.2022<br>4) 84431 /76/14.12.2022<br>5)99995/97/6.1.2023<br>6)13387/149/4.2023<br>7)241687/160/13.2.2023<br>8)25000 /173/23.2.2023<br>9)245118/194/1.3.2023<br>10)11524/204/7.3.2023<br>11)2391/205/7.3.2023 |

മേൽ പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി പട്ടികയിലെ ബിൽ നം. 8 പ്രകാരം നിർവഹണോദ്യോഗസ്ഥൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് ₹25000/- നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്കായി

ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/29.1.2024) ലഭ്യമായ മറുപടി പ്രകാരം 22180 രൂപയുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹2820/-യുടെ മരുന്നുകൾ ലഭ്യമാക്കി രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ പ്രസ്തുത തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-18 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.**

2022-23 സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ മുൻകൂറുകൾ ക്രമീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

**2021-22**

| ക്രമ നം | ഫയൽ നം,വിവരം | ക്രമീകരിക്കേണ്ട ഉദ്യോഗസ്ഥൻ | അഡ്വാൻസ് തുക | വൗച്ചർ നം തീയതി |
|---|---|---|---|---|
| 1 | H2-240/22, മുനിസിപ്പൽ കൗൺസിലിന്റെ വാർഷികത്തിനുള്ള സൗകര്യമൊരുക്കൽ, യാത്ര | ശ്രീ.ബിജു.ഡി.ആർ. ജെ.എച്ച്. ഐ | ₹25000 | 22200926/13.01.22 |
| 2 | H1-297/22, 10ാം ഡിവിഷനിലെ പൊതു കിണർ വൃത്തിയാക്കൽ | ശ്രീ.അജേഷ്.പി ജോൺ, ജെ.എച്ച്. ഐ | ₹35000 | 22201146/08.03.22 |
| 3 | H1-8239/21, ബയോ വേസ്റ്റ് മെഷിൻ സ്ഥാപിക്കൽ | ശ്രീ.ബിജു.ഡി.ആർ. ജെ.എച്ച്. ഐ | ₹40000 | 22201169/31.08.22 |
| 4 | H1-7248/21, മാലിന്യം ശേഖരിക്കൽ തരംതിരിക്കൽ | ശ്രീ.ബിജു.ഡി.ആർ. ജെ.എച്ച്. ഐ | ₹49000 | 22200571/22.10.21 |
| 5 | H1-7170/21, കൃഷിഭവനടുത്തുള്ള കിണർ വൃത്തിയാക്കൽ | ശ്രീ.ബിജു.ഡി.ആർ. ജെ.എച്ച്. ഐ | ₹40000 | 22200474/22.09.21 |
| 6 | H1-5086/20 ഡി.സി.സിയുടെ പ്രവർത്തനം | സി.എഫ്.എൽ.ടി.സി നോഡൽ ഓഫീസർ &ചെയർപേഴ്സൺ | ₹50000 | 22200096/07.05.21 |
| | | | ₹239000 | |

**2022-23**

| ക്രമനം | ഫയൽ നം,വിവരം | ക്രമീകരിക്കേണ്ട ഉദ്യോഗസ്ഥൻ | അഡ്വാൻസ് തുക | വൗച്ചർ നം തീയതി |
|---|---|---|---|---|
| 1 | H1-4639/18,ടൗൺഹാളിൽ നിന്ന് ഓക്ഷൻ മാർക്കറ്റിലേക്ക്പ്ലാസ്റ്റിക് മാറ്റി യതിന്റെ ചെലവ് | ശ്രീ.അജീഷ്.പി .ജോൺ.ജെ.എച്ച്. ഐ | ₹45000 | 22200329/07.07.22 |
| 2 | G3-6271/23 കാനൻ സ്കാനർ, അഡപ്റ്റർ എന്നിവ വാങ്ങിയത് | ശ്രീ.ഡിന്റോമോൻ ജോസഫ് | ₹5000 | 22200436/16.08.22 |
| 3 | H1-4639/18, ഹരിത കർമ്മസേന മാലിന്യം തരംതിരിക്കൽ ട്രെയിനിംങ് | ശ്രീ.സിനിൽ. എസ്.കെ | ₹40000 | 22200677/31.08.22 |
| | | | ₹90000 | |

04.10.2011 ലെ ജി.ഒ (പി) 419/2011/ധന പ്രകാരം മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തവരിൽനിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതും(മേൽ ഉത്തരവ് ഖണ്ഡിക-4-III), സമയബന്ധിതമായി ക്രമീകരിച്ചുവെങ്കിലും അധികം അഡ്വാൻസ് തുക തിരികെ അടയ്ക്കേണ്ടിവന്നവരിൽ നിന്നും 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ് (മേൽ ഉത്തരവ് ഖണ്ഡിക -4-II). മുൻകൂറുകൾ നൽകുമ്പോൾ മേൽ സർക്കാർ ഉത്തരവിലെ അഡ്വാൻസിന്റെ കാലാവധിയായ മൂന്ന് മാസ പരിധി കർശനമായി പാലിക്കേണ്ടതും, മൂന്നുമാസ കാലാവധി കഴിയുന്ന മുറയ്ക്ക് ഖണ്ഡിക -4-III ക്രമീകരിക്കാത്തവരിൽനിന്നും മുഴുവൻ അഡ്വാൻസ് തുകയും 18%

നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതുമാണ്. മുൻകൂർ ക്രമീകരിക്കാത്തവരിൽനിന്നും മേൽ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 25.01.2024 ൽ നല്കിയ 7ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മേൽ ജീവനക്കാർക്ക് നല്കിയ മുൻകൂറുകൾ ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് കത്ത് നല്കിയിട്ടുണ്ടെന്നും അല്ലാത്തപക്ഷം തുക 18% നിരക്കിൽ പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മുൻകൂറുകൾ ക്രമീകരിക്കുന്നതിനുള്ള സമയ പരിധിയായ 3 മാസം കഴിഞ്ഞിട്ടുള്ളതിനാൽ മേൽ ജീവനക്കാരിൽ നിന്ന് തുക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-19 ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽകൂട്ടിയില്ല**

ബാലൻസ് ഷീറ്റിൽ B-7 ഷെഡ്യൂളിൽ ഇലക്ഷൻ ഡെപ്പോസിറ്റ് തുക നീക്കിയിരുപ്പ് ഹെഡിൽ (340200600 Election Deposit (Candidate) ₹46000/- ഉൾപ്പെടുത്തിയിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 201(4) പ്രകാരം നഗരപാലിക സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപതുക നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹46000/- നീക്കിയിരുപ്പ് ഉണ്ട്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തിരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ഉൾപ്പെട്ട **₹46000/-** പ്രത്യേകം ഹെഡ് വൈസ്(പേര് സഹിതം) എഴുതി ചേർത്തിട്ടില്ല. ആയതിനും വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് **25.01.2024**ൽ നല്കിയ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഇലക്ഷൻ ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യുന്നത് റിട്ടേണിംങ് ഓഫീസറുടെ കത്ത് ലഭ്യമായതിന് ശേഷമാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. തിരഞ്ഞെടുപ്പ് കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചതിനാൽ **340200600 Election Deposit (Candidate)** ഹെഡിലെ നീക്കിയിരിപ്പ് തുകയായ **₹46000/-** റിട്ടേണിംങ് ഓഫീസറുടെ കത്ത് ലഭ്യമാകാതെ തന്നെ തനത് ഫണ്ടിൽ മുതൽ കൂട്ടാവുന്നതാണ്. നടപടികൾ പൂർത്തിയാക്കി പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-20 പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നില്ല**

വികസന ഫണ്ട് (പൊതുവിഭാഗം) ഉപയോഗിച്ച് കൃഷി ഓഫീസർ/കൃഷി ഫീൽഡ് ഓഫീസർ സ്ഥിരം കൃഷിക്ക് സബ്സിഡി (നെല്ല്) എന്ന പ്രൊജക്ട് മാത്രമാണ് 2022-23 വർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. ആയതിന്റെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബിൽ നം | തുക | തീയതി |
|---|---|---|---|
| ചെലവ് | 22120647014500953302 | ₹201331 | 22.12.22 |
| | 22120647014500953458 | ₹36841 | 24.12.22 |
| | 22120647014500978673 | ₹67656 | 29.12.22 |
| | 22120647014500978997 | ₹44172 | 30.12.22 |
| ആകെ | | ₹350000 | |

നഗരസഭയാണെങ്കിലും കാർഷിക മേഖലയ്ക്ക് വളരെ പ്രാധാന്യമുള്ള ഒരു മേഖലായാണിത്. എന്നിട്ടും കേവലം ഒരു പ്രോജക്ട് മാത്രമാണ് കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ളത്. കൃഷിയും അനുബന്ധ മേഖലയുടേയും വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 10.06.22, 02.07.22, 05.01.23, 24.02.23എന്നീ തീയതികളിലെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഇഞ്ചി,മഞ്ഞൾ,ജാതി കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രോബാഗ്/മൺചട്ടികൾ വിതരണം ചെയ്യുന്നതിനും, നെൽക്യഷി വികസനം -ജൈവവള വിതരണം, പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വാർഡുതലത്തിൽ ഗ്രൂപ്പുകൾ രൂപീകരിച്ച് ധനസഹായം നല്കൽ, പാടശേഖരങ്ങൾക്ക് ലീഡിംങ് ചാനൽ/ഡ്രെയിനേജ് ചാനൽ നിർമ്മിക്കൽ, എക്കോഷോപ്പിന്റെ പ്രവർത്തനം കർഷകർക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ പുന:സംഘടിപ്പിക്കുക, സസ്യസംരക്ഷണം ഉറപ്പാക്കുന്നതിന് കർഷകർക്ക് സ്പെയർ, മോട്ടർ, പമ്പ് സെറ്റ് എന്നിവ ലഭ്യമാക്കുക, കളനിയന്ത്രണം സാധ്യമാക്കുന്നതിന് കാട് വെട്ട് യന്ത്രം വാങ്ങുന്നതിന് ധനസഹായം നൽകൽ എന്നീ പ്രോജക്ടുകൾ 2022-23 വർഷം നടപ്പിലാക്കാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭയിലെ കർഷകർക്ക് പ്രൊജക്ടുകൾ വഴിയുള്ള ഇത്തരം ആനുകൂല്യം ആവശ്യമുണ്ട് എന്നതാണ് ഇതു കാണിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ പ്രൊജക്ട് രൂപീകരണത്തിലേക്ക് എത്തിച്ചേരാതിരിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 25.01.2024 നല്കിയ 4ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കൂത്താട്ടുകുളം നഗരസഭയിൽ വികസന സെമിനാറിൽ പലപ്രവൃത്തികളും കാർഷികമേഖലയിൽ നടപ്പിലാക്കുവാൻ സൂചിപ്പിച്ചിരുന്നെങ്കിലും സ്ഥിരം കൃഷി നെല്ല് എന്ന പദ്ധതി മാത്രമാണ് നഗരസഭ അംഗീകരിച്ച് നല്കിയതെന്നും ഫണ്ട് അപര്യാപ്തയായിരിക്കാം ഇത്തരത്തിൽ ഒരു പ്രോജക്ട് നല്കുന്നതിന് കാരണമായതെന്നും, പ്ലാനിംങ് ബോർഡ് അംഗീകരിച്ച് നല്കുന്ന പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കൃഷി ഓഫീസർ യാതൊരുവിധ വിമുഖതയും കാണിച്ചിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി. ആയതിനാൽ ജനങ്ങൾക്ക് ഗുണപ്രദമായ രീതിയിൽ പ്ലാൻ ഫണ്ടുപയോഗിച്ച് നിർവ്വഹണോദ്യോഗസ്ഥൻ മുഖാന്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതി

പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

**1-21 വെള്ളക്കരകുടിശ്ശിക നഗരസഭ അടവാക്കിയിട്ടും വാട്ടർ അതോറിറ്റി ബില്ലിൽ കുറവ് ചെയ്യുന്നില്ല**

നഗരസഭ പരിധിയിൽ കുടിവെള്ളം നല്കുന്നതിനായി 237 പൊതുടാപ്പുകളാണുള്ളത്. പുതുക്കിയ വെള്ളക്കരം പ്രകാരം പ്രതിമാസം ₹431320/-യാണ് കുടിവെള്ളക്കരമിനത്തിൽ നഗരസഭയിൽ നിന്ന് നല്കുന്നത്.(ബിൽ നം.72309/10.03.23) 2022-23 സാമ്പത്തികവർഷത്തിൽ ₹23,19,657/-യാണ് ഈയിനത്തിൽ നഗരസഭയിൽ നിന്ന് വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുള്ളത്. മുൻ സാമ്പത്തിക വർഷങ്ങളിൽ ധാരാളം ഗാർഹിക കുടിവെള്ള കണക്ഷൻ സബ്സിഡിയിനത്തിൽ പഞ്ചായത്തിൽ നിന്ന് ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. കൂടാതെ ജൽജീവൻ മിഷൻ വഴിയും ധാരാളം കണക്ഷൻ നഗരസഭയിൽ നല്കുന്നുണ്ട്. ആയത് പരിഗണിച്ചാൽ വ്യക്തിഗത കുടിവെള്ളകണക്ഷൻ ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം വർഷതോറും വർദ്ധിക്കുന്നതായി കാണാവുന്നതാണ്. ആയതിനാൽ നഗരസഭ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തെ 02/23 ലെ കുടിവെള്ളക്കരമിനത്തിൽ നഗരസഭയുടെ ബാധ്യത ₹68,46,002/-യാണ് (ബിൽ നം.72309/10.03.23). ആയത് അടവാക്കുന്നതിന് നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 25.01.2024ൽ നല്കിയ 3 ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 17.02.23 ലെ 1 ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഓരോ വാർഡിലേയും ഉപയോഗക്ഷമമല്ലാത്ത പൊതുടാപ്പ് വിച്ഛേദിക്കുന്നതിന് സംയുക്ത പരിശോധന നടത്തുന്നതിന് 20.10.23 ന് ജലവിതരണ അതോറിറ്റിക്ക് കത്ത് നല്കുകയും സംയുക്ത പരിശോധന പ്രകാരം 237 പൊതുടാപ്പുകളിൽ ഉപയോഗശൂന്യമായ 16 എണ്ണം വിച്ഛേദിക്കുന്നതിന് 24.01.24 ൽ ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ₹30000/- അടവാക്കുന്നതിന് കത്ത് ലഭിച്ചിട്ടുള്ളതാണെന്നും, കൗൺസിലിന്റെ തീരുമാനമനുസരിച്ച് ഇതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. കൂടാതെ വിവിധ കുടിവെള്ള പദ്ധതികളിലൂടെ നഗരസഭയിലെ മുഴുവൻ കുടുംബാംഗങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാകുമെന്നതിനാൽ പൊതുടാപ്പ് ഉപയോഗിക്കുന്നവരുടെ എണ്ണം വിരളമാകുമെന്നതിനാലും നഗരസഭയിലെ എല്ലാ പൊതുടാപ്പുകളും വിച്ഛേദിക്കുന്നതിനും 10.01.24ലെ കൗൺസിൽ 8(1) പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും അറിയിച്ചു.

2017 ഡിസംബർ മാസം മുതൽ 2023 ഫെബ്രുവരി മാസം വരെ നഗരസഭയിലെ വെള്ളക്കരമിനത്തിലുണ്ടായ കുടിശ്ശികയും പ്രതിമാസബില്ലുകളും അടച്ച് തീർത്തിട്ടുള്ളതിനാൽ നിലവിൽ നഗരസഭയ്ക്ക് ലഭിക്കുന്ന വെള്ളക്കര ബില്ലുകളിൽ നിന്ന് കുടിശ്ശിക ഒഴിവാക്കണമെന്നും കാണിച്ച് 02.03 2023 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി (പി.എച്ച് ഡിവിഷൻ) മൂവാറ്റുപുഴയ്ക്കും 18.03.23 ൽ ഫിനാൻസ് മാനേജർ, ചീഫ് അക്കൗണ്ട് ഓഫീസർ കേരള വാട്ടർ അതോറിറ്റി, ജലഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം എന്നിവർക്ക് കത്ത് നല്കിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി. നഗരസഭ വെള്ളക്കരക്കുടിശ്ശിക അടവാക്കിയിട്ടുണ്ട് എന്നുള്ള മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു. എന്നാൽ നിലവിൽ ഓരോ മാസവും നഗരസഭയ്ക്ക് ലഭിക്കുന്ന വെള്ളക്കര ബില്ലുകളിൽ നിന്ന് കുടിശ്ശിക കാണിച്ചിട്ടുള്ളത് ഒഴിവാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കേണ്ടതാണ്. നിലവിലെ ജലോപയോഗ നിരക്കിന്റെ കരം ക്രമാധീതമായി വർധിച്ചിട്ടുള്ളതിനാൽ 10.01.24ലെ കൗൺസിൽ 8(1) പ്രകാരമുള്ള തീരുമാനം അടിയന്തരമായി കൈക്കൊള്ളേണ്ടതുമാണ്.

**1-22 മുട്ടക്കോഴി വിതരണം , പ്ലാൻ ഫണ്ടിൽ നിന്ന് അധിക തുക അനുവദിച്ചു**

1)

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ നം,പേര് | എസ്.0044/23 മുട്ടക്കോഴി വളർത്തൽ | | |
| അടങ്കൽ, ഫണ്ട് | വികസനഫണ്ട്(എസ്.സി.പി) ₹28600 | | |
| ചെലവ് | ബിൽ നം | തുക | തീയതി |
| | 15/22-23 | ₹21450 | 27.02.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ,കൂത്താട്ടുകുളം നഗരസഭ | | |

2)

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ നം,പേര് | എസ്.0043/23 മുട്ടക്കോഴി വളർത്തൽ യൂണിറ്റ് (വനിത) | | |
| അടങ്കൽ, ഫണ്ട് | വികസനഫണ്ട്(പൊതുവിഭാഗം) ₹264550 | | |
| ചെലവ് | ബിൽ നം | തുക | തീയതി |
| | 08/22-23 | ₹180050 | 13.01.23 |
| | 14/22-23 | ₹43550 | 27.02.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, കൂത്താട്ടുകുളം നഗരസഭ | | |

നഗരസഭ പരിധിയിലെ വനിതകൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുക വഴി മുട്ട ഉല്പാദനം വർധിപ്പിക്കുക, സ്വന്തമായി വരുമാനം നേടുക അതുവഴി സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് മേൽ പ്രോജക്ട് നടപ്പിലാക്കുന്നത് വഴിയുള്ള ലക്ഷ്യം.

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥയായി 100% സബ്സിഡി നിരക്കിൽ 46 മുതൽ 60 ദിവസം പ്രായമായ 5 മുട്ടക്കോഴികൾ വീതം മേൽ പ്രോജക്ട് പ്രകാരം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. രണ്ട്

പ്രോജക്ടുകളിലുമായി 377 (33+344) ഗുണഭോക്താക്കൾക്ക് 5 മുട്ടക്കോഴികൾ വീതം 1915 കോഴികൾ ₹130നിരക്കിലാണ് വാങ്ങി നല്കിയിട്ടുള്ളത്. (33x5=165 എണ്ണം ) (344x5=1720 എണ്ണം)

എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28.05.2022 ലെ സർക്കാർ ഉത്തരവ് നം 115/2022 ലെ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ചുള്ള മാർഗ്ഗരേഖയിലെ 6.3 ലെ ക്രമ നം 25 പ്രകാരം അടുക്കള മുറ്റത്തെ കോഴി വളർത്തലിന് 100% സബ്സിഡി നിരക്കിൽ പ്രോജക്ട് നടപ്പിലാക്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29.06.2020 ലെ സർക്കാർ ഉത്തരവ് നം (സാധാ) 1009/2020 ലെ സുഭിക്ഷകേരളം പദ്ധതി പ്രകാരമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് പ്രോജക്ടിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ സുഭിക്ഷകേരളം പദ്ധതി 13ാം പദ്ധതി മാർഗ്ഗരേഖയെ അടിസ്ഥാനമാക്കി പുറത്തിറക്കിയിട്ടുള്ളതും, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28.05.2022 ലെ സർക്കാർ ഉത്തരവ് നം 115/2022 പ്രകാരം 2022-23 മുതൽ 2026-27സാമ്പത്തിക വർഷങ്ങളിലേക്കായി ആരംഭിച്ച 14ാം പദ്ധതി മാർഗ്ഗരേഖയിലേക്ക് സുഭിക്ഷകേരളം പദ്ധതിയിലെ നിർദ്ദേശങ്ങൾ ഇൻകോർപ്പറേറ്റ് ചെയ്തിട്ടുള്ളതുമാണ്. ആയതനുസരിച്ച് 14ാം പദ്ധതി മാർഗ്ഗരേഖയിലെ 3.1, 3.2 എന്നിവ പ്രകാരം അടുക്കള മുറ്റത്തെ കോഴി വളർത്തലിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിർണ്ണയിക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

13.07.2022 ലെ മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി &എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് നം 103578/22/ഡിപിസി /ഡിപിഒ / ഇകെഎം ഉത്തരവ് പ്രകാരം 46മുതൽ 60 ദിവസം പ്രായമായ ഒരു മുട്ടക്കോഴിയുടെ വില ₹120/- ആയാണ് നിശ്ചയിച്ചിട്ടുള്ളത്. 16.09.2022 ലെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ AHD/7604/2021-H1 നടപടി ക്രമത്തിലാണ് ₹130/- എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരമാണ് മേൽ പ്രോജക്ടുകൾ വഴി ഒരു കോഴിക്ക് ₹130/- നിരക്കിൽ വാങ്ങിയിട്ടുള്ളത്. എന്നാൽ ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ₹120/- യാണ് നിർണ്ണയിച്ചിട്ടുള്ളത്. ആയത് പ്രകാരം വികസന ഫണ്ട് (എസ്.സി.പി) നിന്ന് (165x10=1650) ₹1650/- യും വികസന ഫണ്ട് (പൊതുവിഭാഗം)ത്തിൽ നിന്ന്, (1720x10 =17200 ) ₹17200/- യും ഉൾപ്പടെ ₹18,850/- അധികം നല്കിയതായി കാണുന്നു. ആയത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു കൊണ്ട് 30.01.2024 ൽ നല്കിയ 16ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 16.09.2022ലെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ AHD/7604/2021-H1 ഉത്തരവ് പ്രകാരം 46 മുതൽ 60 ദിവസം പ്രായമായ ഒരു മുട്ടക്കോഴിയുടെ വില ₹130/- യായി വർധിപ്പിച്ചതിനാൽ അംഗീകൃത എഗ്ഗർ നേഴ്സറികൾ പ്രസ്തുത തുകയാണ് ഈടാക്കിയതെന്നും, പ്രസ്തുത നേഴ്സറികൾ ₹120/-യ്ക്ക് 46 മുതൽ 60 ദിവസം പ്രായമായ ഒരു മുട്ടക്കോഴികൾ വിതരണം വിസമ്മതിക്കുകയും പദ്ധതി നിർദ്ദേശം സംബന്ധിച്ച വ്യക്തമായ നിർദ്ദേശം ലഭിച്ചത് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19.10.2023 ലെ സർക്കുലർ നമ്പർ ഡി.എ1/353/2023 പ്രകാരമാണെന്നും മറുപടി ലഭ്യമാക്കി. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു. എന്നാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ 16.09.2022 ൽ പുറത്തിറക്കിയിട്ടുള്ള ഉത്തരവ് സംസ്ഥാനത്തിന് മുഴുവൻ ബാധകമായിട്ടുള്ളതാണ്. എന്നാൽ പ്രാദേശികമായി ലഭിക്കുന്നതും, 14ാം പദ്ധതി മാർഗ്ഗരേഖയിലെ 3.1, 3.2 എന്നിവ പ്രകാരം അടുക്കള മുറ്റത്തെ കോഴി വളർത്തലിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിർണ്ണയിക്കാമെന്ന് നിഷ്കർഷിച്ചിട്ടുള്ളതുമായ വിഷയങ്ങളിൽ യൂണിറ്റ് കോസ്റ്റ് തന്നെയാണ് അംഗീകരിക്കേണ്ടതും ഇക്കാര്യത്തിൽ ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ആയതിനാൽ അധികം നല്കിയിട്ടുള്ള ₹18850/-യുടെ ചെലവ് ക്രമപ്പെടുത്തുവാൻ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ഈയിനത്തിൽ അധികം ചെലവഴിച്ച ₹18850/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-23 വാഹനവാടക അധിക തുക നല്കി.**

ശ്രീ.ജോൺസൺ.സി.ടി.എന്ന വ്യക്തിയുടെ കെ.എൽ.17പി. 3048 എന്ന സ്വിഫ്റ്റ് ഡിസയർ എന്ന വാഹനം വാടകയ്ക്കെടുത്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022 ലെ സർക്കാർ ഉത്തരവ് നം 115/2022 പ്രകാരം 2022-23 മുതൽ 2026-27 സാമ്പത്തിക വർഷങ്ങളിലേക്കായി ആരംഭിച്ച 14ാം പദ്ധതി മാർഗ്ഗരേഖയിലെ ക്രമ നം 8.2 വാഹനങ്ങൾ വാടകയ്ക്കെടുക്കൽ-4 പ്രകാരം വാഹനം വാടകയ്ക്കെടുക്കുന്ന അവസരത്തിൽ നിശ്ചിത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി വാടകയിനത്തിൽ അധികം നൽകിയ തുക അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ഭാഗം 3-1 – ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി- അധിക തുക ചെലവഴിച്ചു**

2022-23 വർഷത്തിൽ പ്രോജക്ട് 129/23 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ 18 വിദ്യാർത്ഥികൾക്ക് തുക അനുവദിച്ചതിൽ ശ്രീ. സനൽരാജ് , ഇല്ലിക്കക്കുടിയിൽ എന്ന വിദ്യാർത്ഥി പഠിക്കുന്ന കോഴ്സ് Higher Diploma In Co-operation And Business Management(T.A.T.M Cooperative Training College/Centre, PALA) ആണ്. ടി കോഴ്സിന് സബ്സിഡി മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന പരമാവധി തുക ₹15000 യാണ്. എന്നാൽ പട്ടികയിലെ ബിൽ നം.1 പ്രകാരം ഈ വിദ്യാർത്ഥിക്ക് ₹20000/- നൽകിയിതിനാൽ ₹5,000/- വികസന ഫണ്ടിൽ നിന്നും അധികം ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3-2 – ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-25 കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് ധനസഹായ പദ്ധതി - വിനിയോഗ രേഖകളില്ല.**

| | |
|---|---|
| പ്രോജക്ട് നം | 174/23 |
| അടങ്കൽ | ₹50,000/-(വികസനഫണ്ട് ജനറൽ) |

| | |
|---|---|
| ചെലവ് | ₹50,000/-(വികസനഫണ്ട് ജനറൽ) TRN-221206000000004779 Dtd 23/12/2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ |

നഗരസഭയിൽ നടപ്പാക്കിയ **"കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് ധനസഹായ പദ്ധതി "** പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം ₹50,000/- ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം. 426/2019/LSGD തിയതി 26/02/2019 പ്രകാരം ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായുള്ള തുക കേരള സാമൂഹ്യസുരക്ഷാ മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളതല്ലാതെ പ്രോജക്ട് പ്രകാരമുള്ള ചെലവ് സംബന്ധിച്ച രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യം നൽകയതിന്റെയോ, സാധനങ്ങൾ വാങ്ങി നൽകിയതിന്റെ ബിൽ വിവരങ്ങളോ, നൽകിയ തുകയുടെ കൈപ്പറ്റ് വിവരങ്ങളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-10 തിയതി 29/01/2024) നൽകിയെങ്കിലും വിനിയോഗവിവരങ്ങളോ തുക കൈപ്പറ്റിയതിന്റെ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരങ്ങളും രേഖകളും ലഭ്യമാക്കുന്നത് വരെ തുക ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 ബയോബിന്നുകൾ വാങ്ങൽ - പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ**

പ്രോജക്ട്നം-14/2023
നിർവ്വഹണം - ഹെൽത്ത് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
അടങ്കൽ- ₹3,25,650/- (വികസനഫണ്ട് -എസ്.സി.പി)
ചെലവ്- ₹3,25,650/- (TRN-221206000000005700 Dtd 07/02/2023)

നഗരസഭയിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ബയോബിൻ നൽകൽ (എസ്.സി.പി) പദ്ധതിയിൽ 178 ബയോബിന്നുകൾ വാങ്ങി നൽകുന്ന പദ്ധതിക്കായി ₹3,25,650/- 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. ഇതേ പദ്ധതി പ്രകാരം ആകെ വാങ്ങി നൽകാൻ തീരുമാനിച്ചിരുന്ന 301 ബയോബിന്നുകളിൽ 123 എണ്ണം മുൻ സാമ്പത്തിക വർഷം (2021-22) ₹2,70,600/-ചെലവഴിച്ച് വാങ്ങിയിരുന്നു.പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

01) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ സബ്സിഡി, ധനസഹായം ,അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ. (കൈ) നം.115/2022 /ത.സ്വ.ഭ.വ./തിയതി 28.05.2022 ഖണ്ഡിക 6.8 ശുചിത്വം,മാലിന്യസംസ്കരണം എന്നയിനത്തിലാണ് ബയോകംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്ന വിഷയം പരാമർശിച്ചിട്ടുള്ളത്. ഖണ്ഡിക 6.8.1 പ്രകാരം ഗാർഹിക തലത്തിൽ നൽകുന്ന ബയോകംപോസ്റ്റ് യൂണിറ്റുകൾക്ക് 10% ഗുണഭോക്തൃവിഹിതം നിർബന്ധമാണ്. എന്നാൽ ഗുണഭോക്തൃവിഹിതം വാങ്ങാതെയാണ് 301 ബയോബിന്നുകൾ വാങ്ങിയത്. ഒന്നിന് ₹2200 നിരക്കിൽ 2021-22 പദ്ധതിയുടെ ഭാഗമായി വാങ്ങിയ 123 ബയോബിന്നുകളുടെ ആകെ വിലയുടെ 90% മാത്രമാണ് (₹243540/-) വികസനഫണ്ട് ചെലവഴിക്കാമായിരുന്നത്.എന്നാൽ ആകെ ചെലവായ ₹2,70,600/-യിൽ ₹2,70,000/-യും വികസനഫണ്ടിൽ നിന്നും പിൻവലിച്ച് വിതരണസ്ഥാപനമായ റെയ്ഡ്കോക്ക് നൽകി. അതായത് ₹26,460/- വികസനഫണ്ടിൽ നിന്നും അധികമായി നൽകി. ഈ വാങ്ങലിൽ മാത്രം ബാക്കി 600/- സ്ഥാപനത്തിന് ഇനിയും നൽകാനുണ്ട്.

02) 2022-23 പദ്ധതിയിൽ കെയ്കോയുടെ 21/01/2023 ലെ E/355/22-23 നം ഇൻവോയ്സ് പ്രകാരം ₹391600/- ചെലവഴിച്ച് 178 എണ്ണം ബയോബിന്നുകൾ വാങ്ങിയെങ്കിലും ഇതിൽ 27 എണ്ണം മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതായി രേഖയുള്ളത്. ഈ പദ്ധതിയിൽ വാങ്ങിയ ബിന്നുകളുടെ വിലയിൽ വികസനഫണ്ട് വകയിരുത്തിയ ₹325650/- മാത്രമാണ് വിതരണം നടത്തിയ സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ബാക്കി തുക നൽകാനുണ്ട്. ബാക്കി ബയോബിന്നുകൾ വിതരണം നടത്താതെ നഗരസഭയുടെ ഹാളിൽ വാങ്ങിയ അതേ നിലയിൽ സൂക്ഷിച്ചിരിക്കുകയാണ് എന്നാണ് ആരോഗ്യവിഭാഗത്തിൽ നിന്നും അറിയിച്ചത്.

03) രണ്ട് സാമ്പത്തിക വർഷങ്ങളിലായി പദ്ധതി പ്രകാരം ആകെ വാങ്ങിയ 301 ബയോബിന്നുകളിൽ ആകെ 27 എണ്ണം മാത്രമാണ് സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള ഗുണഭോക്തൃവിഹിതം ഈടാക്കി വിതരണം നടത്തിയിട്ടുള്ളത്. ഈ രണ്ട് പദ്ധതികളിലെ 274 ബയോബിന്നുകൾ വിതരണം നടത്താൻ അവശേഷിക്കുന്നുണ്ട്. നഗരസഭ ആരോഗ്യവിഭാഗം സ്റ്റോക്ക് പരിശോധന നടത്തി നൽകിയ കണക്കുകൾ പ്രകാരം കെയ്കോ, റെയ്ഡ്കോ എന്നിവ വിതരണം ചെയ്ത യഥാക്രമം 143 സെറ്റ്, 74 സെറ്റ് എന്നിങ്ങനെ ആകെ 217 സെറ്റ് ബയോബിന്നുകളാണ് നിലവിൽ സ്റ്റോക്കിലുള്ളത്. മുൻ വർഷങ്ങളിൽ IRTC വഴി നൽകിയതുൾപ്പടെ 10 പഴയ ബിന്നുകളും സൂക്ഷിച്ചിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കണക്കുകൾ പ്രകാരം പുതുതായി വാങ്ങിയതിൽ 57 ബയോബിന്നുകളുടെ സ്റ്റോക്ക് വിവരങ്ങൾ ലഭ്യമല്ല.

04)ബയോബിന്നുകളുടെ ഗുണഭോക്തൃവിഹിതം സ്പോൺസർഷിപ്പായി കണ്ടെത്താനാണ് പദ്ധതിയിട്ടതെന്നും ഇത് നടക്കാതെ വന്നതിനാലാണ് ഗുണഭോക്തൃവിഹിതം ഈടാക്കാനാകാത്തതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. ആദ്യഘട്ട വാങ്ങലിലെ ഗുണഭോക്തൃവിഹിതം പോലും ഇതുവരെ ലഭിക്കാതെയും ബയോബിന്നുകൾ വിതരണം നടത്താതെയുമുള്ളപ്പോൾ ഇതേ പദ്ധതിയിൽ നിന്നുതന്നെ

ഗുണഭോക്തൃവിഹിതം ഉറപ്പാക്കാതെ രണ്ടാമതും വാങ്ങൽ നടത്തിയത് എന്തുകൊണ്ടാണെന്ന് വിശദീകരിച്ചിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 08, തിയതി.29/01/2024) വിഷയം നഗരസഭ സഭ കൗൺസിലിന്റെ പരിഗണനക്ക് സമർപ്പിച്ച് തീരുമാനമെടുക്കുമെന്നും ഗുണഭോക്തൃവിഹിതം വാങ്ങി വിതരണം നടത്തുമെന്നും അറിയിച്ചിട്ടുണ്ട്.

## 1-27 ഹരിതമിത്രം- സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-ക്യൂ.ആർ കോഡ് സ്ഥാപിക്കൽ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

പ്രോജക്റ്റ്നം-193/2023 & 13/2023
നിർവ്വഹണം - ഹെൽത്ത് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ

അടങ്കൽ- ₹1,65,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് – ₹100000/-, വികസന ഫണ്ട് -65,000 )

ചെലവ്-₹1,64,904/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് – ₹100000/-(വൗച്ചർ 22200760 Dtd 21/11/22), വികസന ഫണ്ട് -₹64,904/- (TRN-2212060000004141 Dtd 19/11/22)

നഗരസഭയിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഹരിതമിത്രം-സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവമാലിന്യം കളക്ട് ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്യൂ.ആർ കോഡ് പതിപ്പിക്കുന്ന പ്രവർത്തികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26/09/2022 ലെ ജി.ഒ (ആർ.ടി ) 2341/2022/LSGD ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ക്യൂ.ആർ കോഡ് സ്ഥാപിക്കുന്നതിന് നഗരസഭകളിൽ സ്ഥാപനമൊന്നിന് ₹ 25/- നിരക്കിൽ പ്രതിഫലം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ 7,895 സ്ഥാപനങ്ങളിൽ ക്യൂ.ആർ കോഡ് സ്ഥാപിച്ചതിന് ₹197,375/- യാണ് ചെലവഴിച്ചിട്ടുള്ളത്. ഈ തുകയിൽ ₹164904/- 193/23 നമ്പർ പദ്ധതിയിൽ നിന്നും ബാക്കി ₹32,471/- (Vou.2200759 Dtd 21/11/22) 13/23 നമ്പർ പദ്ധതിയിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ക്യൂ.ആർ കോഡ് സ്ഥാപിക്കുന്നതിന് നൽകിയ പ്രതിഫലം ഹരിതകർമ്മസേനയുടെ കൺസോഷ്യം അക്കൗണ്ടിലേക്കാണ് നല്കിയിട്ടുള്ളത്. 7895 സ്ഥാപനങ്ങളിൽ ക്യൂ.ആർ കോഡ് സ്ഥാപിച്ചതിന് പ്രതിഫലം നൽകിയെങ്കിലും ഇതേ ഫയലിൽ തന്നെ ശുചിത്വമിഷൻ ആവശ്യപ്പെട്ടത് പ്രകാരം നൽകിയ റിപ്പോർട്ടിൽ വീടുകളും വാണിജ്യസ്ഥാപനങ്ങളും ഉൾപ്പടെ 6193 സ്ഥാപനങ്ങളിലാണ് ക്യൂ.ആർ കോഡ് സ്ഥാപിച്ചതെന്നാണ് നഗരസഭ സെക്രട്ടറി കണക്ക് നൽകിയിട്ടുള്ളത്. കൂടാതെ എല്ലാമാസവും നഗരസഭ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച കണക്കുകൾ അപ് ലോഡ് ചെയ്യുന്ന വെബ്സൈറ്റിലെ വിവരങ്ങൾ പ്രകാരം ആകെ 5075 വീടുകളാണ് നഗരസഭയിൽ ഉള്ളത്. ഇതിൽ 228 എണ്ണം ഒഴിഞ്ഞ് കിടക്കുന്നവയാണ്. ബാക്കി 4847 വീടുകളിൽ നിന്നാണ് നഗരസഭ മാലിന്യങ്ങൾ ശേഖരിച്ചുവരുന്നത്. 1115 വാണിജ്യസ്ഥാപനങ്ങളും നഗരസഭയിലുണ്ട്. ഇവയിൽ ആകെ 38 എണ്ണത്തിൽ (2.96%) നിന്നാണ് മാലിന്യം ശേഖരിക്കുന്നത്. ഇതെല്ലാം പ്രകാരം 1702 വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് സ്ഥാപിക്കുന്നതിനുള്ള തുക അധികമായി പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഹരിതകർമ്മസേന കൺസോർഷ്യത്തിന് നൽകിയ തുകയിൽ നിന്നും ഓരോ വാർഡിലും ക്യൂ.ആർ കോഡ് സ്ഥാപിച്ച ഹരിതകർമ്മസേന അംഗത്തിന് എത്ര രൂപ വീതമാണ് ട്രാൻസ്ഫർ ചെയ്ത് നൽകിയത് എന്നതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-11 തിയതി 29/01/2024) മറുപടി ലഭ്യമാക്കിയില്ല. നഗരസഭാ സെക്രട്ടറി നൽകിയ കണക്കുകളിൽ 6193 ക്യൂ.ആർ കോഡുകൾ മാത്രം സ്ഥാപിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ ഇതിലധികമായി 1702 വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് സ്ഥാപിച്ചതിനായി കൈപ്പറ്റിയ ₹42,550/- ഹരിതകർമ്മസേന കൺസോർഷ്യത്തിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 നാപ്കിൻ വെൻഡിംഗ് മെഷീൻ- ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി.

പ്രോജക്റ്റ്നം-135/2023

നിർവ്വഹണം - ഹെൽത്ത് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

അടങ്കൽ- ₹2,00,000/- (വികസനഫണ്ട് -ജനറൽ)

ചെലവ്-₹1,78,500/- (TRN – 2212060000006781 Dtd 28-03-2023 )

നഗരസഭയുടെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതി പ്രകാരം റെയ്ഡ്കോയിൽ നിന്നും ഒന്നിന് ₹35,700 നിരക്കിൽ 5 മെഷീനുകൾ ₹1,78,500/- ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ. (കൈ) നം.115/2022 /ത.സ്വ.ഭ.വ./തിയതി 28.05.2022 ഖണ്ഡിക 7.4 വിദ്യാഭ്യാസം എന്നയിനത്തിലാണ് നാപ്കിൻ വെൻഡിംഗ്

മെഷീനുകൾ സ്ഥാപിക്കുന്ന വിഷയം പരാമർശിച്ചിട്ടുള്ളത്. ഖണ്ഡിക 7.4.6 പ്രകാരം സർക്കാർ/ എയ്ഡഡ് വിഭാഗങ്ങളിൽ ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി /വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണത്തിന് അനുസൃതമായി സ്കൂളുകളിൽ സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീൻ/നാപ്കിൻ ഡെസ്ട്രോയർ എന്നിവ സ്ഥാപിക്കുന്നതിനാണ് പദ്ധതിപ്പണം ചെലവഴിക്കാൻ അനുമതിയുള്ളത്. മെഷീനുകളുടെ സുരക്ഷിതമായ ഉപയോഗത്തിനായി സ്കൂൾ പി.റ്റി.എയുമായി കരാർ വയ്ക്കണം, മെയിന്റനൻസുകൾ സ്കൂൾ പി.റ്റി.എ നിർവ്വഹിക്കണം, വാങ്ങുന്ന സ്ഥാപനവുമായി എ.എം.സി കരാർ വയ്ക്കണം എന്നീ നിബന്ധനകളും നല്കിയിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖപ്രകാരം നിർദ്ദേശിച്ച സ്കൂളുകൾക്ക് പകരം നഗരസഭ ഓഫീസ്, ഹോമിയോ,ആയുർവേദ, അലോപ്പതി ആശുപത്രികളിലാണ് വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ചിരിക്കുന്നത്.

2) റെയ്ഡ്കോയുടെ 27/03/2023 ലെ PVM/1336/22-23 നം ബിൽ പ്രകാരം ₹1,78,500/- ചെലവഴിച്ച് 5 എണ്ണം നാപ്കിൻ വെൻഡിംഗ് മെഷീനുകൾ വാങ്ങിയെങ്കിലും ഇതിൽ 4 എണ്ണം മാത്രമാണ് വിവിധ സ്ഥാപനങ്ങളിലായിസ്ഥാപിച്ചതായി രേഖയുള്ളത്. ₹35,700/- വിലയുള്ള ഒരു നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കാതെ നഗരസഭ കാര്യാലയത്തിൽ വാങ്ങിയ അതേ നിലയിൽ സൂക്ഷിച്ചിരിക്കുകയാണ്.

3) ഒരേ സമയം 50-60 നാപ്കിനുകൾ വെൻഡിംഗ് ചെയ്യുന്നതിനുള്ള മെഷീനുകളാണ് വാങ്ങിയിട്ടുള്ളത്. ഇത്രയും ഉപയോഗം ഉണ്ടാകുമെന്നതിനാലാണ് അനുസൃതമായി സ്കൂളുകളിൽ സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീന് സ്ഥാപിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളത്. താരതമ്യേന വളരെ കുറവ് ജീവനക്കാരുള്ള ഹോമിയോ, ആയുർവേദ, അലോപ്പതി ആശുപത്രികളിലും നഗരസഭ ഓഫീസിലും മെഷീൻ സ്ഥാപിച്ചതുവഴി ഇത്രയും കപ്പാസിറ്റിയും വിലയുമുള്ള മെഷീന്റെ ഉപയോഗം നടക്കാത്ത സ്ഥിതിയുണ്ട്.

4) സുരക്ഷിതമായ ഉപയോഗത്തിന് വളരെ ഹൈജീനിക്കായ സാഹചര്യവും കൃത്യമായ മെയിന്റനൻസും ആവശ്യമായ നാപ്കിൻ വെൻഡിംഗ് മെഷീനുകളുടെ സുരക്ഷിതത്വത്തിനും കൃത്യമായ ഉപയോഗത്തിനും ആവശ്യമായ മുൻകരുതലോ മെയിന്റനൻസോ ഉറപ്പാക്കാതെ ഉപകരണത്തിന്റെ വാങ്ങൽ മാത്രമായി പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കി. വെൻഡിംഗ് മെഷീനുകൾ മാത്രമല്ലാതെ നാപ്കിനുകളുടെ സുരക്ഷിതമായ നശീകരണത്തിനുള്ള സൗകര്യം ഇതിനൊപ്പം സജ്ജീകരിച്ചിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭയിൽ ഒരു യു.പി സ്കൂൾ മാത്രമുള്ളതിനാലാണ് സ്കൂളുകൾ വഴിയുള്ള പദ്ധതി നടപ്പിലാക്കാത്തതെന്നും ആശുപത്രികളിൽ വരുന്ന രോഗികളെ കൂടി ഉദ്ദേശിച്ചാണ് അവിടങ്ങളിൽ മെഷീൻ സ്ഥാപിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്.

സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരമല്ലാതെ പദ്ധതി നടപ്പാക്കുന്ന ഘട്ടത്തിൽ സർക്കാരിൽ നിന്നും ഈ വിഷയത്തിൽ അനുമതി തേടേണ്ടിയിരുന്നു. സർക്കാർ ഹോമിയോ, ആയുർവേദ, അലോപ്പതി ആശുപത്രികളിൽ വരുന്ന രോഗികളിൽ എല്ലാവരും ഇത് ഉപയോഗപ്പെടുത്തണമെന്നില്ല. നാപ്കിൻ വെൻഡിംഗ് മെഷീനുകളിൽ നിറക്കാനുള്ള സാനിട്ടറി നാപ്കിനുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് പിന്നീട് ഒരു ചെലവ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നഗരസഭയുടെ വികസനഫണ്ടിൽ നിന്നും ₹1,78,500/- ചെലവഴിച്ച പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിനായി ഇനിയും സ്ഥാപിക്കാത്ത വെൻഡിംഗ് മെഷീൻ അനുയോജ്യമായ ഒരിടം കണ്ടെത്തി സ്ഥാപിക്കുന്നതിനും നിലവിൽ മെഷീൻ ഫലപ്രദമല്ലാത്ത സ്ഥലങ്ങളിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**1-29 ലൈഫ് ഭവനസമുച്ചയം - ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല.**

| | | |
|---|---|---|
| ഫയൽ നം. | - | E1-7820/2016 |

1994 ൽ നഗരസഭയിലെ വിവിധ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 18-ാം വാർഡിൽപ്പെട്ട കുത്താട്ടുകുളം വില്ലേജിലെ 767/1, 767/2-1, 767/3B, 767/5 സർവ്വേ നമ്പറുകളിലുള്ള ചമ്പമല കോളനിയിൽ ഒരു ഏക്കർ 87 3/4 സെന്റ് സ്ഥലം ശ്രീ.വി.സി.ജോർജ്ജ്, വെട്ടോച്ചിറയിൽ, പുതുവേലി.പി.ഒ എന്ന വ്യക്തിയിൽ നിന്നും ബഹുമാനപ്പെട്ട കേരള ഗവർണറുടെ പേരിൽ 3,94,275/-ലക്ഷം രൂപയ്ക്ക് വാങ്ങുകയുണ്ടായി. ആയതിൽ 20 ഗുണഭോക്താക്കൾക്ക് 4 സെന്റ് വീതം 80സെന്റിൽ ഭവനം നിർമ്മിക്കുന്നതിനായി നൽകുകയും ചെയ്തു. ഈ സ്ഥലം ജില്ലാ രജിസ്ട്രാർ 30.11.1994 ൽ ആധാരം ചെയ്ത് നഗരസഭയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്. അതു പ്രകാരം എല്ലാ ഗുണഭോക്താക്കൾക്കും 1994 ൽ തന്നെ മൂവാറ്റുപുഴ തഹസിൽദാരിൽ നിന്ന് പട്ടയവും ലഭിച്ചിട്ടുണ്ട്. 17.12.2016 – ലെ 3-ാം നമ്പർ കമ്മിറ്റി തീരുമാനമനുസരിച്ച് ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഭാഗമായി ഭൂരഹിത ഭവന രഹിത കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പു വരുത്തുന്നതിന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ചമ്പമല കോളനിയിൽ ഭവന സമുച്ചയം (ഫ്ലാറ്റ്) നിർമ്മിക്കുന്നതിനായി ബാക്കിയുള്ള ഒരു ഏക്കർ 7 സെന്റ് സ്ഥലം ലൈഫ് മിഷന് വിട്ടു നൽകുകയുണ്ടായി. ഫ്ലാറ്റ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലത്തിന്റെ ഉടമസ്ഥത ലൈഫ് മിഷന് കൈമാറുന്നതിനായി പരിശോധിച്ചപ്പോൾ ഈ സ്ഥലം റവന്യൂ ഡിവിഷണൽ ഓഫീസറുടെ Kdis 1530A/2000/A1 ഉത്തരവ് പ്രകാരം പുറമ്പോക്ക് ഭൂമിയാക്കി മാറ്റിയിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി. വെങ്കുളം കോളനി സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തിയത് പഞ്ചായത്തിൽ നിന്നായതിനാൽ പ്രസ്തുത ഭൂമിക്ക് പട്ടയം അനുവദിക്കുന്നതാനായാണ് പഞ്ചായത്ത് തീറ് വാങ്ങിയ ഭൂമി പുറമ്പോക്കിൽ ചേർത്തത് എന്നാണ് ഇക്കാര്യത്തിൽ റവന്യൂ വകുപ്പിൽ നിന്നും വിശദീകരണം ലഭ്യമായിട്ടുള്ളത്. എന്നാൽ ഇതിന്റെ വിശദാംശങ്ങളൊന്നും ലഭ്യമായിട്ടില്ല. ഈ സ്ഥലം ലൈഫ് മിഷന് കൈമാറുന്നതിന്റെ ഭാഗമായി റവന്യൂ

ഡിവിഷണൽ ഓഫീസറുടെ ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് 01.01.2021 ൽ E1-7820/2016 കത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി. പുറമ്പോക്കിൽ ചേർത്ത ഭൂമി പോക്ക് വരവ് ചെയ്ത് കരം അടക്കുന്നതിന് നിലവിലെ ചട്ടങ്ങൾ പ്രകാരം സാധിക്കുകയില്ലായെന്നും എന്നാൽ ഈ ഭൂമിക്ക് പട്ടയത്തിനോ ലീസിനോ അപേക്ഷിക്കാവുന്നതാണെന്നും ബഹു. ജില്ലാ കളക്ടർ12/12/2023ലെ DC EKM /12539 /23-L11 നമ്പർ കത്ത് പ്രകാരം നഗരസഭയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് ഈ വിഷയത്തിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഫ്ലാറ്റ് പദ്ധതി D.P.R നോടൊപ്പം തയ്യാറാക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്രകാരം 2065.24 സ്ക്വയർ ഫീറ്റ് പ്ലിന്ത് ഏരിയ വരുന്ന 6 ടവറുകൾ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതിയുടെ എസ്റ്റിമേറ്റ് 5.89 കോടിയാണ്. ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്ററുടെ 14.12.2020 ലെ G1-1154/20 നമ്പർ കത്ത് പ്രകാരം ഈ സ്ഥലം ഗുജറാത്തിലെ അഹമ്മദാബാദിലെ മിത്ത്സുമി ഹൌസിംഗ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. അതനുസരിച്ച് നഗരസഭയിൽ ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷിക്കുകയും ഫയർ എൻ.ഒ.സിയ്ക്കായി നഗരസഭ 09.03.2021 ൽ ചെക്ക് നമ്പർ 803670 പ്രകാരം ₹17000/- കൂത്താട്ടുകുളം ഫയർ ഫോഴ്സ് സ്റ്റേഷൻ ഓഫീസറുടെ പേരിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മിത്ത്സുമി ഹൌസിംഗ് ലിമിറ്റഡ് ആവശ്യപ്പെട്ടതു പ്രകാരം പ്രസ്തുത സ്ഥലത്ത് കുഴൽക്കിണർ സ്ഥാപിക്കുകയും കറന്റ് കണക്ഷൻ സെക്രട്ടറിയുടെ പേരിൽ എടുത്തു നൽകുകയും ചെയ്തിട്ടുള്ളതാണ്. പദ്ധതി നടത്തിപ്പിലെ നിലവിലെ പ്രതിസന്ധികൾ ചുവടെ ചേർക്കുന്നു.

1)നഗരസഭയിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കളായ 35 കുടുംബങ്ങൾക്ക് വീട് നൽകുന്നതിനാണ് ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയത്. 2017 മുതൽ ഭവനനിർമ്മാണത്തിനായി മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട് കാത്തിരിക്കുന്ന ഇവർക്ക് വേണ്ടി നിലവിലും ഭവനനിർമ്മാണം തുടങ്ങാനായിട്ടില്ല. ഈ പദ്ധതിയിലെ ഗുണഭോക്താക്കളായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിനാൽ മറ്റൊരു പദ്ധതി വഴി ഇവർക്ക് ആനുകൂല്യം ലഭിക്കാനുള്ള സാധ്യത തന്നെയില്ലാതായി.

2) നഗരസഭ നിലവിൽ കണ്ടെത്തിയ ഭൂമിയിലെ നിർമ്മാണ പദ്ധതി പ്രതിസന്ധിയിലായ സ്ഥിതിയിലും ഇവർക്ക് ഭൂമി പകരം കണ്ടെത്തി നൽകുന്നതിന് നഗരസഭക്ക് സാധിക്കാത്ത സാഹചര്യമുണ്ട്. ഓരോ കുടുംബത്തിനും പ്രത്യേകം ഭൂമി കണ്ടെത്തി നൽകുന്നതിനുള്ള ഭാരിച്ച ചെലവ് നിലവിൽ നഗരസഭക്ക് കണ്ടെത്താനാകുന്നില്ല.ഇക്കാര്യങ്ങളാൽ നിലവിലെ ഭൂമിയിലെ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ നീക്കുകയാണ് പ്രായോഗികമായിട്ടുള്ളത്.

2017 മുതൽ സ്വന്തമായി ഒരു വീടിനായി കാത്തിരിക്കുന്ന ഭവന രഹിതരായ 35 കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചുനൽകുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-25 തിയതി 31/01/2024) വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഭവനസമുച്ചയ നിർമ്മാണത്തിൽ വന്ന സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് ഭവനരഹിതർക്ക് എത്രയും വേഗം ഭവനനിർമ്മാണം നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി -അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നഗരസഭയിൽ ഹെൽത്ത് ഓഫീസർ, ദാരിദ്ര്യലഘൂകരണ വിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന “പി.എം.എ.വൈ ”ഭവനപദ്ധതിയുടെ പുരോഗതി വിവരങ്ങൾ പരിശോധിച്ചതിൽ മുൻവർഷങ്ങളിലെ പദ്ധതി പ്രകാരം കരാറിലേർപ്പെട്ട ഏതാനും ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ നാളിതുവരെ പിന്നീടുള്ള ഗഡുക്കൾക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, വിലാസം | ഡി.പി.ആർ. നം | ഇതുവരെ കൈപ്പറ്റിയ തുക | ഇനി കൈപ്പറ്റാനുള്ള തുക | തുക അവസാനം കൈപ്പറ്റിയ തിയതി |
|---|---|---|---|---|---|
| 1 | ശാന്ത ഉലഹന്നാൻ, മുളന്താനത്ത്, എടയാർ | 1 | ₹2,30,000/- | ₹1,70,000/- | മെയ് 2019 |
| 2 | കൊച്ചുപെണ്ണ്, മുള്ളൻകുഴിയിൽ,എടയാർ | 1 | ₹2,30,000/- | ₹1,70,000/- | ജൂലൈ 2018 |
| 3 | സരോജിനി, കന്യാൽകുന്നേൽ, എടയാർ | 1 | ₹2,50,000/- | ₹150,000- | ജൂലൈ 2018 |
| 4 | സ്വപ്നകുമാരി പി.എസ്, എടപ്പറമ്പിൽ, ചെറുകുന്നമല | 1 | ₹30,000/- | ₹3,70,000/ | ജൂൺ 2017 |
| 5 | സിൽവി വിജയൻ, കരിമ്പനാനിക്കൽ, കൂത്താട്ടുകുളം | 1 | ₹2,50,000/- | ₹150,000- | ഏപ്രിൽ 2019 |

| | | | | | |
|---|---|---|---|---|---|
| 6 | വാസുരാമൻ, കുത്താട്ടുകുളം | 1 | ₹2,50,000/- | ₹150,000- | ഒക്ടോബർ 2017 |
| 7 | ചിന്നമ്മ, വട്ടപ്പിള്ളിത്തടത്തിൽ, ചോരക്കുഴി | 1 | ₹25,000- | ₹3,75,000- | ജനുവരി 2018 |
| 8 | ദീപ കിഷോർ, തറപ്പേൽ, കിഴക്കോമ്പ് | 1 | ₹250,000- | ₹150,000- | ഓഗസ്റ്റ് 2018 |
| 9 | സരമ്മ റ്റി.യു, തടത്തിൽ, ചെല്ലക്കപ്പടി | 1 | ₹185,000- | ₹215,000- | ഡിസംബർ 2022 |
| 10 | മോളി,പടിഞ്ഞാറെ മാനപ്ലാവിൽ, എടയാർ | 1 | ₹30,000- | ₹370,000- | ജൂലൈ 2017 |
| 11 | സിജി, കിഴക്കേമാനം പ്ലാവിൽ,എടയാർ | 1 | ₹25,000- | ₹3,75,000- | ഡിസംബർ 2018 |
| 12 | ഡെൽമി വർഗ്ഗീസ്, പുളിക്കത്തടത്തിൽ, കൂത്താട്ടുകുളം | 2 | ₹225,000- | ₹175,000- | ഏപ്രിൽ 2019 |
| 13 | ജെസി, പാലക്കത്തടത്തിൽ, കിഴക്കോമ്പ് | 2 | ₹225,000- | ₹175,000- | ഡിസംബർ 2019 |
| 14 | തങ്കച്ചൻ ചാക്കോ, കണ്ണംകടുക്കയിൽ, എടയാർ | 2 | ₹360000- | ₹40,000- | മാർച്ച് 2023 |
| 15 | ചാക്കോ കൊച്ചുകുന്നേൽ, കൂത്താട്ടുകുളം | 2 | ₹185,000- | ₹215,000- | ജൂലൈ 2023 |
| 16 | ഷീജ, വട്ടപ്പിള്ളിത്ത ടത്തിൽ, ചെറുകുന്നമല | 3 | ₹120,000- | ₹280,000- | ഒക്ടോബർ 2023 |
| 17 | മേരി തോമസ്, കുന്നേൽ, ചെല്ലക്കപ്പടി | 3 | ₹185,000- | ₹215,000- | ഒക്ടോബർ 2023 |
| 18 | ലിസ്സി കെ.പി, കൊണ്ടോടത്തിൽ, എടയാർ | 3 | ₹25,000- | ₹375,000- | ഡിസംബർ 2018 |

ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം കരാറിലെ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുകയോ ഗുണഭോക്താക്കൾ തുടർന്നുള്ള ഗഡുക്കൾക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇത്തരം വർഷം പിന്നിട്ടിട്ടും നൽകിയ അഡ്വാൻസുകളിൽ ത്ത സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഉടമ മരണപ്പെട്ടതിനാലും രോഗങ്ങൾ വന്നതിനാലും ഏതാനും ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം തടസ്സപ്പെട്ടതായും ബാക്കി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും ഇതിന് താത്പര്യം ഇല്ലാത്തവരുടെ തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അവസാനമായി ധനസഹായം കൈപ്പറ്റി 6 വർഷങ്ങൾ വരെ കഴിഞ്ഞ പല ഗുണഭോക്താക്കളും പട്ടികയിൽ ഉള്ളതിനാൽ ഇത്തരം ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകി നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-31 <u>നിക്ഷേപ പ്രവൃത്തികൾ- മുൻകൂർ ക്രമീകരിച്ചിട്ടില്ല.</u>**

**1. കേരള ജല അതോറിറ്റി**

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460600300 | ₹52000 | ₹39984 | ₹45080 | ₹46904 |

വാർഷിക ധനകാര്യപത്രിക പ്രകാരം (ബി.18 ഷെഡ്യൂൾ) Water Deposit എന്ന ശീർഷകത്തിൽ നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ ₹46904/- ഉള്ളതായി കാണുന്നു. ഏതെല്ലാം വർഷങ്ങളിൽ ഏതേത് പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ളത് എന്നതിന്റെ വൌച്ചർ നമ്പർ സഹിതം ഉള്ള വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 30.01.24 നല്കിയ 17ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ ലെഡ്ജർ താഴെചേർക്കും വിധം ഹാജരാക്കി.

| തുക നല്കിയ വർഷം | ഉദ്ദേശ്യം | നല്കിയ തുക | വൗച്ചർ നം, തീയതി | ക്രമീകരിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2019-20 | ക്രിമറ്റോറിയത്തിലേക്കുള്ള വാട്ടർ കണക്ഷൻ | ₹47000 | ചെക്ക് നം.566310 തീയതി. 06.11.209 | ₹40080 | ₹6920 |
| 2022-23 | ഡംബിംങ് യാർഡിലേക്ക് പൈപ്പ് കണക്ഷൻ | ₹39984 | വൗച്ചർ നം21900607 തീയതി 06.12.22 | ₹0 | ₹39984 |
| ആകെ | | | | | ₹46904 |

**2. കേരള വൈദ്യുതി ബോർഡ്**

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460600100 | ₹142159 | ₹173337 | 0 | ₹315496 |

വാർഷിക ധനകാര്യപത്രിക പ്രകാരം (ബി.18 ഷെഡ്യൂൾ) Electricity Deposit എന്ന ശീർഷകത്തിൽ നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ 3.15 ലക്ഷം രൂപ ഉള്ളതായി കാണുന്നു. ഏതെല്ലാം വർഷങ്ങളിൽ ഏതേത് പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ളത് എന്നതിന്റെ വൗച്ചർ നമ്പർ സഹിതം ഉള്ള വിവരം അവശ്യപ്പെട്ട് കൊണ്ട് 30.01.24 നല്കിയ 17ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ ലെഡ്ജർ താഴെചേർക്കും വിധം ലഭ്യമാക്കി

| തുക നല്കിയ വർഷം | ഉദ്ദേശ്യം | നല്കിയ തുക | വൗച്ചർ നം, തീയതി | ക്രമീകരിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|---|
| 2018-19 | കാരക്കുന്ന് കുടിവെള്ള പദ്ധതി സർവ്വീസ് കണക്ഷൻ ചാർജ് | ₹37323 | ചെക്ക് നം.474393 തീയതി.15.12.2018 | 0 | ₹37323 |
| 2018-19 | പ്രോജ.നം.607/19 തുക നിക്ഷേപം | ₹8000 | ചെക്ക് നം.474450 തീയതി.08.02.2019 | 0 | ₹8000 |
| 2019-20 | ക്രിമിറ്റോറിയത്തിന് ത്രീ ഫേസ് കണക്ഷൻ | ₹7962 | ചെക്ക് നം.820595 തീയതി.07.09.2019 | 0 | ₹7962 |
| 2019-20 | പീടികപ്പടി-കാട്ടുപാടം വൈദ്യുത പോസ്റ്റ് മാറ്റൽ | ₹20705 | ചെക്ക് നം.820606 തീയതി.23.09.2019 | 0 | ₹20705 |
| 2020-21 | മംഗലത്തുതാഴം കുടിവെള്ള പദ്ധതിക്ക് വൈദ്യുത കണക്ഷൻ | ₹2671 | ചെക്ക് നം.56284 തീയതി.26.05.2020 | 0 | ₹2671 |
| 2020-21 | കടുവാക്കുഴി കുടിവെള്ള പദ്ധതിക്ക് വൈദ്യുത കണക്ഷൻ | ₹26457 | ചെക്ക് നം.56284 തീയതി.26.05.2020 | 0 | ₹26457 |
| 2020-21 | കുറുക്കൻക്കുന്ന് വൈദ്യുത പോസ്റ്റ് ഷിഫ്റ്റ് ചെയ്യൽ | ₹36770 | ചെക്ക് നം.630456 തീയതി.17.06.2020 | 0 | ₹36770 |
| 2020-21 | വനിത വ്യവസായകേന്ദ്ര ത്തിന് വൈദ്യുതി കണക്ഷൻ | ₹2271 | ചെക്ക് നം.630516 തീയതി.11.09.22 | 0 | ₹2271 |
| 2022-23 | വൈദ്യുത പോസ്റ്റ് ഷിഫ്റ്റ് ചെയ്യൽ | ₹125337 | ചെക്ക് നം078993 തീയതി 25.07.2022 | 0 | ₹125337 |
| 2022-23 | വൈദ്യുതി കണക്ഷൻ റീ റൂട്ട് ചെയ്യുന്നതിനുള്ള നിക്ഷേപം | ₹48000 | ചെക്ക് നം.079023 തീയതി.31.08.2022 | 0 | ₹48000 |

മേൽ നിക്ഷേപ പ്രവൃത്തികളിൽ തൻവർഷം നല്കിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ കെ.ഡബ്ല്യു.എയ്ക്ക് അനുവദിച്ച ₹39,984/- യുടെ ചെലവും കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ച ₹1,73,337/- യുടെ ചെലവും തടസ്സപ്പെടുത്തുന്നു.

**1-32 സാമൂഹ്യസുരക്ഷാ പെൻഷൻ -ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു**

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ (എം.എസ്)നം.97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.1.2018 പ്രകാരം

മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ /റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

നഗരസഭയിലെ 2022-23 ലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര്/ പ്രാദേശിക സർക്കാർ | പെൻഷൻ തരം/പെൻഷനർ ഐഡി | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | ജോയ് കെ.പി / കൂത്താട്ടുകുളം നഗരസഭ | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ/ 106920400089 | 29.7.2022 | 6/2023 -വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 2 | ശുശാമ്മ അഗസ്റ്റിൻ/ കൂത്താട്ടുകുളം നഗരസഭ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 106920200242 | 6.8.2022 | 6/2023-വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 3 | ശോശാമ്മ മാത്യു/ തൃശ്ശൂർ - തെക്കുംകര ഗ്രാമ പഞ്ചായത്ത് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം/ 107300600167 | 12.6.2022 | 8/2022-വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. 9/22-11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 4 | ഏലിക്കുട്ടി മത്തായി / കൂത്താട്ടുകുളം മുനിസിപ്പാലിറ്റി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ)/ 112660200431 | 11.6.2022 | 3/23 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| 5 | അന്നമ്മ ഡാഡു/ കൊച്ചി കോർപ്പറേഷൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 101690210675 | 26.5.2022 | 6/23 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| 6 | വർഗ്ഗീസ് ഐസക് /Agricultural Office Keerampara | കർഷക പെൻഷൻ/ 2220122260 | 23.5.2022 | 6/23 വരെ തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല. 7/23-8/23-വരെ തുക തടഞ്ഞ് വെച്ചിരിക്കുന്നു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 7 | കറുമ്പി കണ്ണൻ/ തിരുമാറാടി ഗ്രാമ പഞ്ചായത്ത് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം/ 106940600188 | 29.7.2022 | 6/23 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. |

| ക്രമ നം | പെൻഷനറുടെ പേര്/ പ്രാദേശിക സർക്കാർ | പെൻഷൻ തരം/പെൻഷനർ ഐഡി | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 8 | കൃഷ്ണൻകുട്ടി/ കൂത്താട്ടുകുളം മുനിസിപ്പാലിറ്റി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 106920200818 | 20.8.2022 | 6/23 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| 9 | മറിയാമ്മ ചാക്കോ/കോട്ടയം - രാമപുരം ഗ്രാമ പഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 105250200654 | 29.8.2022 | 12/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 10 | ശലോമോൻ കെ.എ/മാറാടി ഗ്രാമ പഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 107110200681 | 3.9.2022 | 6/23 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 11 | ലീലാമ്മ ഡാനിയേൽ /വാളകം ഗ്രാമ പഞ്ചായത്ത് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം/ 107060600131 | 18.8.2022 | 6/23 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 12 | രാധ ഗോപി /മണീട് ഗ്രാമ പഞ്ചായത്ത് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം/ 106960600011 | 9.9.2022 | 6/23 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 13 | ജോസ്. പി.ഡി /Agricultural Office Koothattukulam | കർഷകപെൻഷൻ/ 2220135258 | 14.8.2022 | 6/23 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 7/23-8/23- വരെ തടഞ്ഞ് വെച്ചിരിക്കുന്നു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 14 | പൊന്നമ്മ കുമാരൻ/ഇടുക്കി - പുറപ്പുഴ ഗ്രാമ പഞ്ചായത്ത് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 106170200570 | 23.9.2022 | 6/23 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 15 | തങ്കപ്പൻ കെ.എൻ/പാലക്കുഴ ഗ്രാമ പഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 106950200103 | 30.9.2022 | 6/2023 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

1)മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം അധികമായി കൈപ്പറ്റിയ/ കൈമാറുവാൻ സാധിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.

2)പെൻഷണറുടെ മരണശേഷം ആക്ടീവ് ആയി തുടരുന്ന അക്കൌണ്ടുകൾ സസ്പെൻഡ് ചെയ്ത് തുകതിരികെ ഈടാക്കിയിട്ടില്ല.

3)പരാമർശത്തിൽ പറഞ്ഞിരിക്കുന്ന മറ്റ് പ്രാദേശിക സർക്കാരുകളിൽ ഉൾപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ മരണം സംബന്ധിച്ചും അനധികൃതമായി കൈപ്പറ്റിയ തുക തിരിച്ചീടാക്കുന്നതു സംബന്ധിച്ചും അതാതു തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് വിവരം നൽകിയതു സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.37/3.2.2024) ലഭ്യമായ മറുപടിയിൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം അധികമായി കൈപ്പറ്റിയ /കൈമാറുവാൻ സാധിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതാണെന്നും മറ്റ് പ്രാദേശിക സർക്കാരുകളിൽ ഉൾപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ മരണം

സംബന്ധിച്ചും അനധികൃതമായി കൈപ്പറ്റിയ തുക തിരിച്ചീടാക്കുന്നതു സംബന്ധിച്ചും അതാതു തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് അറിയിപ്പ് നൽകിയിട്ടില്ല എന്നും ആയത് സംബന്ധിച്ച് അറിയിപ്പ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓരോ മരണ രജിസ്ട്രേഷൻ അപേക്ഷകളും അംഗീകരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നഗരസഭയിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് പരാമർശത്തിലെ ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള/നിക്ഷേപിക്കുവാൻ സാധിക്കാത്ത തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പരാമർശത്തിൽ ഉൾപ്പെടാത്ത അനർഹമായി പെൻഷൻ തുകകൾ കൈപ്പറ്റിയിട്ടുള്ള നഗരസഭയിലെ മുഴുവൻ ഗുണഭോക്താക്കളുടേയും അക്കൌണ്ട് സസ്പെന്റ് ചെയ്യുന്നതിനും തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടക്കുന്നതിനുമുള്ള നടപടികൾ നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

മറ്റ് പ്രാദേശിക സർക്കാരിന്റെ പരിധിയിൽ വരുന്ന പെൻഷണറുടെ മരണം നഗരസഭയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് നഗരസഭാ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-33 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമല്ല.

| | |
|---|---|
| പ്രവൃത്തി | ടേക്ക് എ ബ്രേക്ക് |
| പ്രൊജക്റ്റ് നം. | S0024/23 |
| എസ്റ്റിമേറ്റ് | ₹15,13,0000/- |
| കരാറുകാരൻ | മനോജ് കുമാർ |
| എം. ബുക്ക്. | 6/22-23, 2/22-23 |
| ആകെ ചെലവ് | നൽകിയ തുക Bill No. 347/29-3-23<br>₹ 2,75,000/- (ആകെ പ്രവർത്തി - ₹6,69,683/- ) |

എം സി റോഡിൽ കാലിക്കട്ട് ജംഗ്ഷന് സമീപം രണ്ട് ടോയ്‌ലെറ്റ് നിർമ്മിക്കുകയാണ് പ്രൊജക്റ്റ് വിഭാവനം ചെയ്തിരുന്നത്. ഈ പ്രവൃത്തിയുടെ നടത്തിപ്പിനായി നിലവിൽ സൈറ്റിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റ്, സ്റ്റേ വയർ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി - യുടെ 7/4/22- യിലെ കത്ത് പ്രകാരം ₹43,593/- ആവശ്യപ്പെട്ടു. വീണ്ടും കെ.എസ്.ഇ.ബി - യുടെ 3/6/22- യിലെ കത്ത് പ്രകാരം പോസ്റ്റ് മാറ്റി സ്ഥാപിക്കേണ്ട സ്ഥലം പുനർ നിർണ്ണയിക്കുകയും ആയത് പ്രകാരം ₹1,25,337/- ആവശ്യപ്പെടുകയും പ്രസ്തുത തുക ചെക്ക് നം. 078993/25-7-22 നൽകുകയും ചെയ്തു. എന്നാൽ പോസ്റ്റ് മാറ്റുന്നതിനുള്ള എസ്റ്റിമേറ്റോ നിരക്കോ ലഭ്യമല്ല. ആയതിനാൽ നൽകിയ തുകയുടെ ആവശ്യകത വ്യക്തമല്ല. ടോയിലറ്റ് നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

ഓഡിറ്റ് പരാമർശം.
പോസ്റ്റ് മാറ്റി സ്ഥാപിക്കേണ്ട സ്ഥലം എവിടെയാണ് എന്നോ എത്ര ദൂരത്താണ് എന്ന് വ്യക്തമല്ല. ആവശ്യകത നിർണ്ണയം നടത്താതെ കേവലം ഒരു ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് ഒരു എസ്റ്റിമേറ്റും ലഭിക്കാതെ ₹1,25,337/- നൽകിയത് ശരിയായ നടപടിയല്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 27/1-2-24 – ന് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-34 നഗരസഭയിലെ വിവിധ വാർഡുകളി മിനി എംസിഎഫ് സ്ഥാപിക്കൽ – പ്രവർത്തി ചെയ്ത സ്ഥലം ഫയലിൽ രേഖപെടുത്തിയിട്ടില്ല.

| | |
|---|---|
| പ്രവൃത്തി | നഗരസഭയിലെ വിവിധ<br>വാർഡുകളിൽ മിനി എംസിഎഫ് സ്ഥാപിക്കൽ |
| പ്രൊജക്റ്റ് നം. | S00155/23 |
| എസ്റ്റിമേറ്റ് | ₹10,00,000/- |
| കരാറുകാരൻ | ഷിബു വർഗ്ഗീസ് |
| എം. ബുക്ക്. | -- |
| ആകെ ചെലവ് | Bill No. 348/ 29-3-23 Rs. 8,18,702/- |

എസ്റ്റിമേറ്റ് പ്രകാരം നഗരസഭയുടെ വിവിധ വാർഡുകളിൽ 25 എണ്ണം മിനി എംസിഎഫ് സ്ഥാപിക്കുകയാണ് പ്രവൃത്തി. എന്നാൽ എംസിഎഫ് സ്ഥാപിക്കേണ്ട സ്ഥലം സംബന്ധിച്ച വിവരം ഫയലിലോ എസ്റ്റിമേറ്റിലോ രേഖപ്പെടുത്തിയിട്ടില്ല. എം ബുക്ക് പ്രകാരവും വ്യക്തവുമല്ല. ഈ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. ഫസ്റ്റ് & പാർട്ട് ബില്ല് പ്രകാരം ₹8,18,702/- ചെലവഴിച്ചിട്ടുണ്ട്. എംസിഎഫ് എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്നും എന്നും എത്രയെണ്ണം സ്ഥാപിച്ചുവെന്നും വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 39/03.02.2024 – നുള്ള മറുപടിയിൽ പ്രവൃത്തി പൂർത്തിയാക്കിയെന്നും ഫൈനൽ ബിൽ തയ്യാറാക്കികൊണ്ടിരിക്കുന്നു എന്നും കൂടാതെ ഇവ എവിടെയെല്ലാം സ്ഥാപിച്ചു എന്നും വ്യക്തമാക്കി. മറുപടിയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തേണ്ടതും ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെയുള്ളതും രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-35 കുടിവെള്ള പദ്ധതി അപാകതകൾ

നഗരസഭ ഓരോ വർഷവും ലക്ഷക്കണക്കിന് തുകയാണ് കുടിവെള്ള പദ്ധതിക്ക് വേണ്ടി ചെലവഴിക്കുന്നത്. ഇതിൽ 90% തുകയും ചെലവഴിക്കുന്നത് പൈപ്പ് ലൈൻ എക്സ്സെറ്റെൻഷൻ പ്രവൃത്തിക്കുവേണ്ടിയാണ്. എന്നാൽ ഈ പൈപ്പുകൾ ഇടുന്ന സ്ഥലം ഏതാണെന്നോ അതായത് ഏത് എക്സ്റ്റെൻഷൻ പ്രവൃത്തികളിൽ ആരുടെ സ്ഥലത്താണോ എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ഫയലിലോ എംബുക്കിലോ ലഭ്യമല്ല. ആയതിനാൽ ഈ പ്രവൃത്തി നേരിട്ട് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല ഓരോ വർഷവും ഇപ്രകാരം കുടിവെള്ള പദ്ധതിക്ക് വേണ്ടി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തി ചെയ്യുന്നതിനാൽ ഓരോ പ്രവൃത്തിയും ഏത് വർഷം ചെയ്തതാണ് എന്നും മനസിലാക്കാൻ കഴിയുന്നില്ല. നിലവിൽ പൈപ്പ് ഇട്ട സ്ഥലങ്ങളിലാണോ വീണ്ടും പ്രവൃത്തി ചെയ്യുന്നത് എന്നും വ്യക്തമല്ല.
ഒരോ കുടിവെള്ള പദ്ധതിയുടേയും വിശദ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റേയും ജില്ലാ പഞ്ചായത്തിന്റേയും ഫണ്ട് ഉപയോഗിച്ച് പൈപ്പ് ലൈനുകൾ നീട്ടൽ പ്രവൃത്തികൾ ചെയ്തതിന്റെ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
